13
2026
മേയ്
ബുധൻ
മേടം 30

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 98 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-98 പേജ് 4. വില 2.00 രൂപ

02 ആശുപത്രിക്കെട്ടിടത്തിൽനിന്ന് ചാടിയ ആൾക്ക് ഗുരുതര പരിക്ക്

03 ക്രൈസ്തവ–മുസ്ലിം സൗഹൃദത്തിനു മാർപാപ്പയുടെ ആഹ്വാനം

04 കോൺഗ്രസ് ആത്മാഭിമാനം ലീഗിന് പണയം വച്ചോ: വി. മുരളീധരൻ

നീറ്റ് പരീക്ഷ റദ്ദാക്കി: സിബിഐ അന്വേഷണം

മാതൃകാ ചോദ്യപ്പേപ്പറിലെ ചോദ്യങ്ങൾ അതേപടി പരീക്ഷയ്ക്ക്

ന്യൂഡൽഹിന്മ ദേശീയ മെഡിക്കൽ പ്രവേശനപരീക്ഷ 'നീറ്റ്യുജി'യുമായി ബന്ധപ്പെട്ട ചോദ്യച്ചോർച്ചയെത്തുടർന്ന് ഈ മാസം മൂന്നിനു നടന്ന പരീക്ഷ റദ്ദാക്കി. പുതിയ തീയതി പിന്നീട് പ്രഖ്യാപിക്കും.

ആരോപണങ്ങൾ സിബിഐ അന്വേഷിക്കുമെന്ന് ദേശീയ പരീക്ഷാ ഏജൻസി (എൻടിഎ) അറിയിച്ചു. മൂന്നാം തീയതി നടന്ന പരീക്ഷയ്ക്കു മുൻപു പ്രചരിച്ച മാതൃകാ ചോദ്യക്കടലാസിലെ 135 ചോദ്യങ്ങൾ യഥാർഥ പരീക്ഷയിൽ ഉൾപ്പെട്ടിരുന്നുവെന്നായിരുന്നു ആരോപണം ഉയർന്നത്. മാതൃകാ ചോദ്യക്കടലാസിലെ 410 ചോദ്യങ്ങളിൽ 135 എണ്ണം കെമിസ്ട്രി, ബയോളജി വിഭാഗങ്ങളിലായി യഥാർഥ പരീക്ഷയിൽ ഉൾപ്പെട്ടതായി അന്വേഷണം നടത്തുന്ന രാജസ്ഥാൻ സ്പെഷൽ ഓപ്പറേഷൻസ് ഗ്രൂപ്പ് (എസ്ഒജി) എഡിജിപി വിശാൽ ബൻസാൽ അറിയിച്ചിരുന്നു.

ആകെ 180 ചോദ്യങ്ങളാണ് നീറ്റ്യുജിക്കുള്ളത്. ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി എന്നീ വിഷയങ്ങളിൽനിന്നു 45 വീതം ചോദ്യങ്ങൾ. ഇത്തരത്തിൽ 4 സെറ്റ് ചോദ്യക്കടലാസുകളാണ് ഉപയോഗിക്കുന്നത്. വാട്സാപ്പിലും മറ്റും ചോദ്യങ്ങൾ പ്രചരിച്ചിരുന്നതായി രാജസ്ഥാൻ പൊലീസിന് ഏതാനും ദിവസം മുൻപു ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചത്.

രാജസ്ഥാനിലെ സീക്കർ, ജയ്പുർ, കോട്ട എന്നിവിടങ്ങളിൽനിന്നും ഉത്തരാഖണ്ഡിലെ ഡെറാഡൂണിൽനിന്നുമായാണ് 12 പേരെ ചോദ്യം ചെയ്തത്. സീക്കറിലെ എൻട്രൻസ് പരിശീലന സ്ഥാപനം വിദ്യാർഥികൾക്കു നൽകിയതാണ് മാതൃകാ ചോദ്യക്കടലാസെന്നും ഇതു കേരളം, മഹാരാഷ്ട്ര, ഗുജറാത്ത് സംസ്ഥാനങ്ങളിലെ വിദ്യാർഥികൾക്കും കൈമാറിയിട്ടുണ്ടെന്നും പൊലീസ് വിശദീകരിച്ചു. വിവരത്തിലെ സത്യാവസ്ഥ പരിശോധിക്കുകയാണെന്ന് എൻടിഎ ഇന്നലെ വ്യക്തമാക്കിയിരുന്നു.

അതേസമയം, പരീക്ഷ റദ്ദ് ചെയ്തതിൽ മോദി സർക്കാരിനെ ശക്തമായി വിമർശിച്ച് കോൺഗ്രസ് നേതാവും ലോക്സഭയിലെ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി രംഗത്തെത്തി. പ്രധാനമന്ത്രി മോദിയുടെ 'അമൃതകാലം' ഇന്ത്യയ്ക്ക് 'വിഷകാല'മായി മാറിയെന്ന് അദ്ദേഹം ആരോപിച്ചു. 22 ലക്ഷത്തിലധികം വിദ്യാർഥികളുടെ കഠിനാധ്വാനവും സ്വപ്നങ്ങളും ഈ അഴിമതി നിറഞ്ഞ ബിജെപി ഭരണകൂടം ചതച്ചരച്ചതായും അദ്ദേഹം കുറ്റപ്പെടുത്തി.

അതേസമയം, നീറ്റ് പരീക്ഷാ ക്രമക്കേടിൽ പ്രതിഷേധിച്ച് എസ്എഫ്ഐ തിരുവനന്തപുരം എജിസ് ഓഫീസിലേക്ക് നടത്തിയ മാർച്ചിൽ സംഘർഷം. ബാരിക്കേഡ് മറികടന്ന് പ്രവർത്തകർ ഓഫീസിനുള്ളിലേക്ക് കയറിയതോടെ പോലീസ് ലാത്തിവീശി.

കേന്ദ്ര സർക്കാർ നടത്തുന്ന പരീക്ഷകളിൽ വിശ്വാസമില്ലെന്ന് മാർച്ച് ഉദ്ഘാടനം ചെയ്ത് എസ് എഫ് ഐ സംസ്ഥാന സെക്രട്ടറി പി. എസ്. സഞ്ജീവ് പറഞ്ഞു. ഡൽഹി എൻടിഎ ആസ്ഥാനത്തും എസ്എഫ്ഐ പ്രതിഷേധം സംഘടിപ്പിച്ചു.

അതേസമയം പരീക്ഷ ക്രമക്കേടിൽ സിബിഐ കേസെടുത്തു. എഫ്ഐആർ രജിസ്റ്റർ ചെയ്തതായി സിബിഐ അറിയിച്ചു. കേസിൽ എൻടിഎ ഉദ്യോഗസ്ഥരെയും ചോദ്യം ചെയ്യും. നീറ്റ് പരീക്ഷയുടെ പുതിയ തീയതി ഉടൻ പ്രഖ്യാപിക്കുമെന്ന് എൻടിഎ അറിയിച്ചു.

വിശ്വാസവും ശാസ്ത്രവും ശത്രുക്കളാണെന്ന ധാരണ ഒഴിവാക്കപ്പെടണം: മാർപാപ്പ

വത്തിക്കാൻ സിറ്റി: വിശ്വാസവും ശാസ്ത്രവും തമ്മിലുള്ള വിഭാഗീയത ഇന്നും തുടരുന്നുവെന്നത് സത്യമാണെന്നും ഇതു വസ്തുനിഷ്ഠമായ സത്യത്തിൻറെ അസ്തിത്വത്തെ നിഷേധിക്കുന്നതാണെന്നും ലെയോ പതിനാലാമൻ മാർപാപ്പ. വത്തിക്കാൻ ജ്യോതിശാസ്ത്ര നിലയ ഫൗണ്ടേഷൻറെ ബോർഡംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു മാർപാപ്പ.

പരിശുദ്ധ സിംഹാസനത്തിൻറെയും ആഗോളസഭയുടെയും സേവനത്തിനായി വത്തിക്കാൻ ജ്യോതിശാസ്ത്ര നിലയം വഹിക്കുന്ന പ്രധാനപ്പെട്ട പങ്ക് എടുത്തു പറഞ്ഞ മാർപാപ്പ, വിശ്വാസവും ശാസ്ത്രവും ശത്രുക്കളാണെന്ന വർധിച്ചുവരുന്ന ധാരണയെ ചെറുക്കേണ്ടതിൻറെ അടിയന്തര ആവശ്യമുണ്ടെന്ന് സഭയ്ക്കു തോന്നിയതിനാലാണു വത്തിക്കാനിൽ ജ്യോതിശാസ്ത്ര നിലയം ആരംഭിച്ചതെന്നു വ്യക്തമാക്കി.

ശാസ്ത്രവും സഭയും വ്യക്തമായി പഠിപ്പിക്കുന്ന കാര്യങ്ങൾ അംഗീകരിക്കാൻ പലരും വിസമ്മതിക്കുന്നുവെന്നത് യാഥാർഥ്യമാണ്. ഇത് നാം വസിക്കുന്ന ഗ്രഹത്തിൻറെ ചൂഷണത്തിനു കാരണമാകുന്നു. അതുകൊണ്ടാണ് ശാസ്ത്രസത്യങ്ങളെ സഭ ചേർത്തുനിർത്തുന്നത്- മാർപാപ്പ പറഞ്ഞു.

സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും അദ്ഭുതത്തോടെ നോക്കാനുള്ള കഴിവ് യാതൊരു വിഭജനങ്ങളും കൂടാതെ എല്ലാ മനുഷ്യർക്കും നൽകപ്പെട്ടിരിക്കുന്ന ഒരു ദാനമാണ്. ഇത് നമ്മുടെ ഭയങ്ങളെയും വീഴ്ചകളെയും ദൈവത്തിൻറെ വിശാലതയുടെ അടിസ്ഥാനത്തിൽ കാണുന്നതിനും ആശ്വാസം തേടുന്നതിനും നമ്മെ സഹായിക്കുന്നു.

എന്നാൽ, ദൈവം ഉരുവാക്കിയ ഈ പ്രകാശം ഇന്ന് മനുഷ്യനിർമിത വെളിച്ചം കൊണ്ട് നമ്മെ അന്ധരാക്കിയിരിക്കുന്നുവെന്നതാണ് യാഥാർഥ്യം-മാർപാപ്പ പറഞ്ഞു.

വത്തിക്കാനിലെ ശാസ്ത്രജ്ഞരെ പൊതുജനങ്ങളുമായും ആഗോള ശാസ്ത്രസമൂഹവുമായും അർഥവത്തായ രീതിയിൽ ഇടപഴകാൻ പ്രാപ്തരാക്കുന്ന ഫൗണ്ടേഷൻറെ പ്രവർത്തനങ്ങൾക്ക് മാർപാപ്പ നന്ദിയർപ്പിച്ചു.

ദൈവത്തിൻറെ സൃഷ്ടികർമം എല്ലാറ്റിനെയും അതിശയിപ്പിക്കുന്നതിനാൽ പ്രപഞ്ചത്തിൻറെ ഉദ്ഭവവും പ്രവർത്തനങ്ങളും പര്യവേക്ഷണം ചെയ്യാൻ ആഴത്തിൽ വിശ്വാസമുള്ള ആളുകൾ ആകർഷിക്കപ്പെടുന്നതിൽ അതിശയിക്കാനില്ലെന്നും മാർപാപ്പ പറഞ്ഞു.

രാജ്യത്ത് ഇന്ധനക്ഷാമം ഉണ്ടാകില്ല; എൽപിജി ഉത്പാദനം പ്രതിദിനം 54,000 ടണ്ണായി ഉയർത്തി: ഹർദീപ് സിംഗ് പുരി

ന്യൂഡൽഹി: പടിഞ്ഞാറൻ ഏഷ്യയിലെ യുദ്ധസാഹചര്യങ്ങൾക്കിടയിലും ഇന്ത്യയിൽ ഇന്ധനക്ഷാമമുണ്ടാകില്ലെന്ന് ഉറപ്പുനൽകി കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിംഗ് പുരി . മുൻകരുതൽ നടപടിയുടെ ഭാഗമായി രാജ്യത്തെ പാചക വാതക ഉത്പാദനം പ്രതിദിനം 35,000–36,000 ടണ്ണിൽ നിന്ന് 54,000 ടണ്ണായി വർധിപ്പിച്ചതായി അദ്ദേഹം അറിയിച്ചു. ഡൽഹിയിൽ നടന്ന സിഐഐ ബിസിനസ് സമ്മിറ്റിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിലവിൽ ഇന്ത്യയുടെ കൈവശം 69 ദിവസത്തേക്കുള്ള ക്രൂഡ് ഓയിൽ, എൽഎൻജി ശേഖരവും 45 ദിവസത്തേക്കുള്ള എൽപിജി ശേഖരവുമുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. അതിനാൽ ജനങ്ങൾ ആശങ്കപ്പെടേണ്ട സാഹചര്യമില്ല. ഇന്ധന ഉപയോഗം കുറയ്ക്കണമെന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനം ഗൗരവകരമായ ഒരു 'വേക്കപ്പ് കോൾ' ആയി കാണണം.

അന്താരാഷ്ട്ര വിപണിയിലെ അനിശ്ചിതത്വങ്ങൾ സമ്പദ്വ്യവസ്ഥയെ ബാധിക്കാതിരിക്കാൻ ജനങ്ങൾ മിതത്വം പാലിക്കണമെന്നാണ് അദ്ദേഹം നിർദ്ദേശിച്ചത്. ഇന്ധനം ലാഭിക്കാൻ സർക്കാർ ലോക്ക്ഡൗൺ ഏർപ്പെടുത്താൻ ഒരുങ്ങുകയാണെന്ന പ്രചാരണം മന്ത്രി തള്ളി. അനാവശ്യമായ യാത്രകൾ ഒഴിവാക്കാനും കാർപൂളിംഗ് പോലുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാനുമാണ് സർക്കാർ ആവശ്യപ്പെടുന്നത്.

അന്താരാഷ്ട്ര വിപണിയിൽ എണ്ണവില കുതിച്ചുയരുമ്പോഴും രാജ്യത്ത് ഇന്ധനവില വർധിപ്പിക്കാതെ എണ്ണക്കമ്പനികൾ നഷ്ടം സഹിക്കുകയാണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ആദ്യ പാദത്തിൽ കമ്പനികൾക്ക് ഏകദേശം രണ്ട് ലക്ഷം കോടി രൂപയുടെ വരെ നഷ്ടം സംഭവിച്ചേക്കാമെന്നാണ് കണക്കാക്കുന്നത്. ഈ സാഹചര്യം നേരിടാൻ വിദേശനാണ്യം ലാഭിക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മുഖ്യമന്ത്രി പ്രതിസന്ധി; ബുധനാഴ്ച അടിയന്തരയോഗം വിളിച്ച് ലീഗ്

മലപ്പുറം: കോൺഗ്രസിലെ മുഖ്യമന്ത്രി ചർച്ച അനന്തമായി നീളുന്നതിനിടെ അടിയന്തരയോഗം വിളിച്ച് ലീഗ്. ബുധനാഴ്ച രാവിലെ 10ന് പാണക്കാട്ടാണ് യോഗം ചേരുക.മുഖ്യമന്ത്രി പ്രതിസന്ധി തുടരുന്നതിൽ ലീഗ് നേതാക്കൾ അതൃപ്തി പ്രകടിപ്പിച്ചിരുന്നു. പുറത്തിറങ്ങി നടക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. എവിടെ ചെന്നാലും ആളുകൾ ചോദിക്കുന്നത് മുഖ്യമന്ത്രി ആരെന്ന കാര്യത്തിൽ തീരുമാനമായോ എന്നാണെന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രി ആരെന്ന കാര്യത്തിൽ വളരെ വേഗം തീരുമാനമുണ്ടാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സബ്സ്റ്റേഷനിലെ സാങ്കേതിക തകരാർ; നാല് ജില്ലകളിൽ ഏഴ് ദിവസത്തേയ്ക്ക് വൈദ്യുതി തടസപ്പെടും

തിരുവനന്തപുരം: കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ അടുത്ത ഏഴ് ദിവസത്തേക്ക് ഭാഗികമായി വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തും. പവർഗ്രിഡ് കോർപ്പറേഷൻറെ കോഴിക്കോട്ടെ പ്രധാന സബ്സ്റ്റേഷനിലുണ്ടായ സാങ്കേതിക തകരാറിനെത്തുടർന്നാണ് ഈ നടപടിയെന്ന് കെഎസ്ഇബി അറിയിച്ചു.

കോഴിക്കോട് 400 കെവി സബ്സ്റ്റേഷനിലെ മൂന്നാം നമ്പർ 500 എംവിഎ ട്രാൻസ്ഫോർമറിൻറെ 220 കെവി ബുഷിംഗിലുണ്ടായ തകരാറാണ് വൈദ്യുതി തടസപ്പെടാൻ കാരണം. ഇന്ന് മുതൽ ഏഴ് ദിവസത്തേക്കാണ് വൈദ്യുതി തടസപ്പെടുന്നത്.

ട്രാൻസ്ഫോർമറിലെ ബുഷിംഗിലുണ്ടായ തകരാർ പരിഹരിക്കുന്നതിനായി അടിയന്തിര ഷട്ട്ഡൗൺ ആവശ്യമാണെന്ന് പവർഗ്രിഡ് കോർപ്പറേഷൻ കെഎസ്ഇബിയെ അറിയിച്ചിട്ടുണ്ട്. തകരാർ പരിഹരിച്ച് ട്രാൻസ്ഫോർമർ പൂർണ്ണ സജ്ജമാക്കാൻ ഏകദേശം ഏഴ് ദിവസമെടുക്കുമെന്നാണ് നിലവിലെ കണക്കുകൂട്ടൽ. ഉയർന്ന ശേഷിയുള്ള ട്രാൻസ്ഫോർമർ പ്രവർത്തനരഹിതമാകുന്നതോടെ മലബാറിലെ വൈദ്യുതി വിതരണ ശൃംഖലയിൽ ലോഡ് ക്രമീകരിക്കേണ്ടി വരും.

അതിനാൽ, വരും ദിവസങ്ങളിൽ ഈ നാല് ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ ഭാഗികമായി വൈദ്യുതി നിയന്ത്രണം ഉണ്ടാകാൻ സാധ്യതയുണ്ട്. വൈദ്യുതി ഉപയോഗം പരമാവധി കുറച്ചും, അത്യാവശ്യമില്ലാത്ത വൈദ്യുത ഉപകരണങ്ങൾ നിയന്ത്രിച്ചും കെഎസ്ഇബിയുമായി സഹകരിക്കണമെന്ന് അധികൃതർ അഭ്യർഥിച്ചു.അറ്റകുറ്റപണികൾ വേഗത്തിൽ പൂർത്തിയാക്കി വൈദ്യുതി വിതരണം സാധാരണ നിലയിലാക്കാനുള്ള ശ്രമങ്ങൾ പവർഗ്രിഡ് കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തെയും കൃത്യമായ സമയക്രമം പ്രാദേശിക കെഎസ്ഇബി ഓഫീസുകൾ വഴി ലഭ്യമാകുന്നതാണ്.

'നീറ്റ് ഇപ്പോൾ ഒരു പരീക്ഷയല്ല, ലേലമാണ്"; കേന്ദ്ര സർക്കാരിനെതിരെ രാഹുൽ ഗാന്ധി

ന്യൂഡൽഹി: നീറ്റ് യുജി പരീക്ഷാ ചോദ്യപേപ്പർ ചോർന്ന സംഭവത്തിൽ കേന്ദ്ര സർക്കാരിനെതിരെ രൂക്ഷമായ ആക്രമണവുമായി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. നീറ്റ് പരീക്ഷ ഇപ്പോൾ ഒരു പരീക്ഷയല്ലെന്നും മറിച്ച് മെഡിക്കൽ സീറ്റുകൾ വിൽക്കുന്ന ഒരു 'ലേലമായി' മാറിയിരിക്കുകയാണെന്നും അദ്ദേഹം പരിഹസിച്ചു.

രാജ്യത്തെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ കഠിനാധ്വാനത്തെ സർക്കാർ അപഹസിക്കുകയാണെന്ന് രാഹുൽ ഗാന്ധി ആരോപിച്ചു. പണമുള്ളവർക്ക് ചോദ്യപേപ്പർ വാങ്ങാൻ കഴിയുന്ന സാഹചര്യം മെറിറ്റ് അട്ടിമറിക്കപ്പെടുന്നതിന് തുല്യമാണെന്നും അദ്ദേഹം പറഞ്ഞു.

സുതാര്യമായി പരീക്ഷകൾ നടത്താൻ കഴിയാത്തത് കേന്ദ്ര സർക്കാരിൻറെയും പരീക്ഷാ ഏജൻസിയായ എൻടിഎയുടെയും പരാജയമാണ്. ചോദ്യപേപ്പർ ചോർച്ചയുണ്ടായ ഉടനെ പരീക്ഷ റദ്ദാക്കാതെ അത് മൂടിവെക്കാനാണ് അധികൃതർ ആദ്യം ശ്രമിച്ചതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

നീതിക്കായി പോരാടുന്ന വിദ്യാർത്ഥികൾക്ക് എല്ലാവിധ പിന്തുണയും നൽകുമെന്നും പാർലമെൻറിനകത്തും പുറത്തും ഈ വിഷയം ശക്തമായി ഉയർത്തുമെന്നും രാഹുൽ ഗാന്ധി വ്യക്തമാക്കി.

മേയ് മൂന്നിന് നടന്ന നീറ്റ് പരീക്ഷയിൽ ചോദ്യപേപ്പർ ചോർന്നതായി സിബിഐ ഉൾപ്പെടെയുള്ള അന്വേഷണ ഏജൻസികൾ കണ്ടെത്തിയതിനെത്തുടർന്ന് പരീക്ഷ റദ്ദാക്കിയിരുന്നു. ഇതിന് പിന്നാലെ ഡൽഹിയിൽ എൻഎസ്യുഐ ഉൾപ്പെടെയുള്ള വിദ്യാർത്ഥി സംഘടനകൾ വലിയ പ്രതിഷേധത്തിലാണ്. പരീക്ഷാ അട്ടിമറിയുടെ ഉത്തരവാദിത്തം ഏറ്റെടുത്ത് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി രാജിവെക്കണമെന്നാണ് പ്രതിഷേധക്കാരുടെ ആവശ്യം.

കഴക്കൂട്ടം – കാരോട് ബൈപാസ്: തിരുവല്ലം ടോൾ പ്ലാസയിലെ യൂസർഫീ നിരക്കിൽ വർധന

തിരുവല്ലം: കഴക്കൂട്ടം–കാരോട് ബൈപാസിൽ തിരുവല്ലം ടോൾ പ്ലാസയിലെ യൂസർഫീ നിരക്ക് വീണ്ടും വർധിപ്പിച്ച് വാഹന യാത്രികർക്ക് ഇരുട്ടടി. ജിഎസ്ടി കുറച്ചതിൻറെ ഭാഗമായി ഒക്ടോബറിൽ യൂസർഫീ നിരക്ക് കുറച്ചിരുന്നു. ഈ മാസം ഏഴു മുതൽ യൂസർഫീ വീണ്ടും വർധിപ്പിച്ചതോടെ മിക്ക വിഭാഗങ്ങൾക്കും കഴിഞ്ഞ ഏപ്രിൽ ഒന്നു മുതൽ നിലവിലുണ്ടായിരുന്ന നിലയിലേയ്ക്ക് എത്തി. ടോൾ പ്ലാസയിൽനിന്ന് 20 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്നവരുടെ സ്വകാര്യ ഉപയോഗത്തിനുള്ള ലൈറ്റ് മോട്ടർ വാഹനങ്ങളുടെ പ്രതിമാസ പാസിൻറെ നിരക്ക് 350 രൂപയായി.

കാർ, ജീപ്പ്, വാൻ, ലൈറ്റ് മോട്ടർ വെഹിക്കിളുകൾക്ക് ഒറ്റത്തവണ യാത്ര നിരക്ക് 155 രൂപയിൽ നിന്നും 160 രൂപയായും 24 മണിക്കൂറിനുള്ളിലെ മടക്കയാത്രക്ക് 235-ൽ നിന്നും 240 രൂപയായി ഉയർത്തുകയുണ്ടായി. മാസ പാസ് (ഒരു മാസത്തിനുള്ളിൽ 50 യാത്രകൾക്ക്) 5215ൽ നിന്നും 5350 ആക്കി ഉയർത്തി. പ്ലാസ ഉൾപ്പെടുന്ന ജില്ലയിൽ രജിസ്റ്റർ ചെയ്ത വാണിജ്യ വാഹനങ്ങൾക്ക് 80 രൂപ എന്നുള്ളതിൽ മാറ്റമില്ല.

ലൈറ്റ് കമേഴ്സ്യൽ വെഹിക്കിൾ, ലൈറ്റ് ഗുഡ്സ് വെഹിക്കിൾ, മിനി ബസ് ഒറ്റത്തവണ യാത്രക്ക് 255-ൽ നിന്നും 260 രൂപയായി ഉയർത്തുകയും 24 മണിക്കൂറിനുള്ളിലെ മടക്കയാത്രക്ക് 380-ൽ നിന്നും 390 രൂപയായി മാറി. മാസ പാസ് 8430 എന്നുള്ളതിൽ നിന്ന് 8640 രൂപയായി ഉയർത്തി. പ്ലാസ ഉൾപ്പെടുന്ന ജില്ലയിൽ രജിസ്റ്റർ ചെയ്ത വാണിജ്യ വാഹനങ്ങൾക്ക് 125 രൂപയിൽ നിന്നും 130 ആയി മാറി. ബസ്, ട്രക്ക് (ഡബിൾ ആക്സിൽ) വാഹനങ്ങൾക്ക് ഒറ്റത്തവണ യാത്രക്ക് 530-ൽ നിന്നും 545 രൂപയായും 24 മണിറിനുള്ളിലെ മടക്കയാത്രക്ക് 795 രൂപ എന്നത് 815 ആയി മാറി. മാസ പാസ് 17,660 രൂപ എന്നുള്ളത് 18,105 ആയും പ്ലാസ ഉൾപ്പെടുന്ന ജില്ലയിൽ രജിസ്റ്റർ ചെയ്ത വാണിജ്യ വാഹനങ്ങൾക്ക് 265 രൂപയിൽ നിന്നും 270 ആയി ഉയർന്നു.

കമേഴ്സ്യൽ വെഹിക്കിൾ (മൂന്ന് ആക്സിൽ) വാഹനങ്ങൾക്കുള്ള ഒറ്റത്തവണ യാത്ര നിരക്ക് 580-ൽ നിന്നും 595 രൂപയായും 24 മണിക്കൂറിനുള്ളിലെ മടക്കയാത്രക്ക് 865-ൽ നിന്നും 890 രൂപയായി വർധിച്ചു. മാസ പാസ് 19,265-ൽ നിന്നും 19,750 രൂപയായും പ്ലാസ ഉൾപ്പെടുന്ന ജില്ലയിൽ രജിസ്റ്റർ ചെയ്ത വാണിജ്യ വാഹനങ്ങൾക്ക് 290 രൂപ എന്നത് 295 ആയി വർധിച്ചു.

ഹെവി കൺസ്ട്രക്ഷൻ മെഷിനറി (എച്ച്സിഎം), മണ്ണെടുക്കൽ വാഹനങ്ങൾ (ഇഎംഇ), മൾട്ടി ആക്സിൽ വെഹിക്കിൾ (46 ആക്സിൽ) വാഹനങ്ങൾക്കുള്ള ഒറ്റത്തവണ യാത്രാ നിരക്ക് 830-ൽ നിന്നും 850 രൂപയായും 24 മണിക്കൂറിനുള്ളിലെ മടക്കയാത്രക്ക് 1,245 രൂപയിൽ നിന്നും 1,280 ആയും മാസപാസ് 27,690 -ൽ നിന്നും 28,390 രൂപയായും പ്ലാസ ഉൾപ്പെടുന്ന ജില്ലയിൽ രജിസ്റ്റർ ചെയ്ത വാണിജ്യ വാഹനങ്ങൾക്ക് 415 രൂപ എന്നുള്ളത് 425 ആയി വർധിച്ചു. ഏഴോ അതിൽ കൂടുതൽ ആക്സിൽ വരുന്ന വളരെ വലിയ വാഹനങ്ങൾക്കുള്ള ഒറ്റത്തവണ യാത്രക്ക് 1,010 -ൽ നിന്നും 1,035 രൂപയായും 24 മണിറിനുള്ളിലെ മടക്കയാത്രക്ക് 1,515-ൽ നിന്നും 1,555 രൂപയായും മാസപാസ് 33,710 രൂപയിൽ നിന്നും 34,565 ആയും പ്ലാസ ഉൾപ്പെടുന്ന ജില്ലയിൽ രജിസ്റ്റർ ചെയ്ത വാണിജ്യ വാഹനങ്ങൾക്ക് 505 എന്നുള്ളത് 520 രൂപയാക്കിയും വർധിപ്പിച്ചു.

കോതമംഗലത്ത് ഒഴുക്കിൽപ്പെട്ട് വിദ്യാർഥി മരിച്ച സംഭവം: മാതാപിതാക്കളുടെ ആഗ്രഹം സഫലമാക്കാതെ ഹരീഷ് മടങ്ങി

പൂവാർ: മകനെ ഒരു ഡോക്ടറായി കാണണം എന്ന മാതാപിതാക്കളുടെ ആഗ്രഹം സഫലമാകാതെ ഹരീഷ് മടങ്ങി. കോതമംഗലം വടാട്ടുപാറ പുഴയിൽ കുളിക്കാനിറങ്ങി ഒഴുക്കിൽപ്പെട്ടു മരിച്ച പൂവാർ സ്വദേശി ഹരീഷിൻറെ അച്ഛൻറെയും അമ്മയുടെയും ആഗ്രഹമാണ് പുഴയുടെ ആഴങ്ങളിൽ താഴ്ന്നു പോയത്.

പൂവാർ പൊറ്റയിൽ വിഷ്ണു ഭവനിൽ വിജയ കുമാർ - ബിന്ദു ദന്പതികളുടെ മകൻ നന്ദു എന്ന വി. ബി. ഹരീഷി(23) ൻറെ മരണമാണ് ഒരു നാടിൻറെ ദുഃഖമായി മാറിയത്. കോതമംഗലം ബസേലിയസ് ഡെൻറൽ കോളജിലെ മൂന്നാം വർഷ വിദ്യാർഥി ആയിരുന്നു ഹരീഷ്. കൂലിത്തൊഴിലാളിയായ വിജയകുമാർ പെയിൻറിംഗ് പണി ചെയ്ത് കുടുംബം പുലർത്തുന്നതിനിടയിലാണ് മകൻറെ ഉയർന്ന പഠനം സ്വപ്നം കണ്ടത്. പഠിക്കാൻ മിടുക്കനായിരുന്നതിനാൽ എൻട്രൻസ് എഴുതിച്ചു. മെറിറ്റിൽ അഡ്മിഷനും വാങ്ങി. ഒന്നും രണ്ടും വർഷത്തെ പഠനങ്ങൾ വിജയകരമായി പൂർത്തിയാക്കി. തുടർച്ചയായ പൊതു അവധി ദിവസങ്ങൾ കിട്ടുമ്പോൾ മാത്രമാണ് ഹരീഷ് വീട്ടിൽ വന്നു പോകുന്നത്. ഇക്കഴിഞ്ഞ ദുഃഖവെള്ളി അവധി ആയപ്പോഴാണ് അവസാനമായി വീട്ടിൽ വന്നു മടങ്ങിയത്. മകൻ അവധിക്ക് എത്തിയാൽ പോകുന്നതു വരെ വീട്ടിൽ സന്തോഷത്തിൻറെ ദിനങ്ങളാണ്. അമ്മ അവനിഷ്ടപ്പെട്ട ആഹാരങ്ങളെല്ലാം ഉണ്ടാക്കി കൊടുക്കും. തിരിച്ചു ഹോസ്റ്റലിലേക്ക് പോകുമ്പോൾ കൊണ്ടുപോകാനുള്ള സാധനങ്ങൾ ഒരുക്കിയായിരിക്കും യാത്രയാക്കുക.

മകനെക്കുറിച്ച് അത്ര വലിയ സ്വപ്നങ്ങളായിരുന്നു കുടുംബം നെയ്തു കൂട്ടിയത്. അപ്രതീക്ഷിതമായെത്തിയ മരണവാർത്ത അറിഞ്ഞതോടെ കുടുംബത്തിൻറെ പ്രതീക്ഷകളും സ്വപ്നങ്ങളും അസ്തമിച്ചു. ഏക സഹോദരൻ വിഷ്ണു സ്വകാര്യ സ്ഥാപനത്തിലെ ഡ്രൈവറാണ്.

കോതമംഗലം ബസേലിയേഴ്സ് ഡെൻറൽ കോളജിലെ ഒൻപതംഗ വിദ്യാർഥി സംഘമാണ് പലവൻപടി പുഴയിൽ കുളിക്കാൻ ഇറങ്ങിയത്. ഇതിനിടെ, മൂന്നു വിദ്യാർഥികൾ പുഴയിലെ ശക്തമായ അടിയൊഴുക്കിൽ പെടുകയായിരുന്നു. കൂടെയുണ്ടായിരുന്ന മറ്റു വിദ്യാർഥികൾ വിവരമറിയിച്ചതിനെ തുടർന്നു നാട്ടുകാരും അഗ്നിരക്ഷാ സേനയും സ്ഥലത്തെത്തി. മണിക്കൂറുകളോളം തെരച്ചിൽ നടത്തിയാണ് മൃതദേഹങ്ങൾ കണ്ടെടുത്തത്.

നാടൻ മണവും രുചിയും നാട്ടറിവുമായി സ്വദേശി ഉത്പന്ന പ്രദർശനം

തിരുവനന്തപുരം: ചീത്ത കൊളസ്ട്രോൾ കുറയ്ക്കുന്നതിനുള്ള കൊളസ്ട്രോൾ നിവാരണി, വയറടപ്പിനുള്ള ജാതിക്കാ ടോൺ, പ്രഷർ, പ്രമേഹരോഗികൾക്ക് നെല്ലിക്ക കാന്താരി പാനീയം, ഇഞ്ചിയും നാരങ്ങയും കൊണ്ടുള്ള ലമൺ ജിഞ്ചർ സ്ക്വാഷ്, പാഷൻ ഫ്രൂട്ട് സ്ക്വാഷ്, ചക്ക, പൈനാപ്പിൾ, നറുനീണ്ടി സ്ക്വാഷുകൾ തുടങ്ങിയ വൈവിധ്യമുള്ള ഒട്ടേറെ നാടൻ ഉൽപ്പന്നങ്ങൾ....

പട്ടം മരപ്പാലം സ്വദേശി കേന്ദ്രത്തിൽ ഇന്നലെ ആരംഭിച്ച സ്വദേശി മേളയിലാണ് വൈവിധ്യമാർന്ന ഉത്പന്നങ്ങളുടെ പ്രദർശനവും വിൽപനയും നടക്കുന്നത്. ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനു വളരെയേറെ സഹായകമായ ചെറുധാന്യങ്ങൾ, ഔഷധ ഗുണങ്ങളാൽ സമ്പന്നമായ പരമ്പരാഗത അരി ഉൽപ്പന്നങ്ങൾ, പപ്പായ പൈനാപ്പിൾ മിക്സഡ് ഫ്രൂട്ട് ജാം, നെല്ലിക്കാപൊടി, വിവിധതരം കണ്ണിമാങ്ങാ അച്ചാർ, അമ്പഴങ്ങ അച്ചാർ, വെളുത്തുള്ളി അച്ചാർ, പുളിഞ്ചിക്ക അച്ചാർ, ഇഞ്ചിക്കറി, ചമ്മന്തിപ്പൊടികൾ, തേൻ നെല്ലിക്ക, നാടൻ പലഹാരങ്ങൾ, എന്നിവ വളരെയേറെ ജനശ്രദ്ധ പിടിച്ചുപറ്റുന്ന ഇനങ്ങളാണ്.

ഗ്യാസ്ട്രബിൾ അസിഡിറ്റി മലബന്ധ നിവാരണിയായ ത്രിഫലപ്പൊടി, പ്രമേഹരോഗ നിവാരണി, മൂത്രാശയരോഗത്തിനും സ്റ്റോണിനുമുള്ള ഞെരിഞ്ഞിൽപൊടി, ശുദ്ധമായ കൂവപ്പൊടി, കാൽവിണ്ടുകീറൽ, കുഴിനഖം എന്നിവയുടെ മരുന്നുകളും താളിപ്പൊടി, പതിമുകം, രക്തചന്ദനം, കസ്തൂരി മഞ്ഞൾ, മുൾട്ടാണി മിട്ടി, പാടുകൾ ഇല്ലാതാകാൻ മഞ്ചട്ടിപൊടി, മുഖത്തുണ്ടാകുന്ന കരിമങ്ങൽ പാടുകൾ ഇല്ലാതാക്കുന്നതിനുള്ള ഫെയർനെസ് ഓയിൽ, തവിട് കളയാത്ത നാടൻ കുത്തരി, അരി, ചോളം, റാഗി പൊടി ഉത്പന്നങ്ങൾ എന്നിവയും ആളുകളിൽ താൽപര്യം ഉണർത്തുന്നവയാണ്.

നാടൻ മുളകുപൊടി, മല്ലിപ്പൊടി, കാശ്മീരി മുളകുപൊടി, മഞ്ഞൾപൊടി, കറി മസാലപ്പൊടികൾ മലബന്ധം ഇല്ലാതാക്കുന്നതിനുള്ള തൃഫലപ്പൊടി തുടങ്ങിയവയും മേളയിൽ ലഭ്യമാണ്. തവി, പുട്ടുകുറ്റി തുടങ്ങിയ ചിരട്ട ഉൽപ്പന്നങ്ങളും ലഭ്യമാണ്. ഇന്നലെ ആരംഭിച്ച മേള 16 നു സമാപിക്കുമെന്നു ഗാന്ധി സെൻറർ ഫോർ റൂറൽ ഡെവലപ്പ്മെൻറ് ഡയറക്ടർ ഡോ. ജേക്കബ് പുളിക്കൻ അറിയിച്ചു.

നെയ്യാറ്റിൻകര നഗരസഭയിൽ തെരുവു വിളക്കുകൾ സംബന്ധിച്ച പരാതികൾ അവസാനിക്കുന്നില്ല

നെയ്യാറ്റിൻകര: നഗരസഭയിലെ സോളാർ ലൈറ്റ് പദ്ധതിയും നിലാവ് പദ്ധതിയുമെല്ലാം പരാജയം. തെരുവു വിളക്കുകൾ കാര്യക്ഷമമായി തെളിയാനുള്ള പദ്ധതി നഗരസഭ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന ആവശ്യം ശക്തം.

നെയ്യാറ്റിൻകര നഗരസഭയെ സംബന്ധിച്ചിടത്തോളം തെരുവുവിളക്ക് പദ്ധതികൾ എക്കാലത്തും പരാതികൾ ഒഴിയാത്തവയായിരുന്നു. ഏറെ കൊട്ടിഘോഷിച്ചു നടപ്പിലാക്കിയ സോളാർ ലൈറ്റ് പദ്ധതി അധികം വൈകാതെ പ്രവർത്തനരഹിതമായി. ശരിയായ പരിപാലനക്കുറവാണ് സോളാർ ലൈറ്റുകൾക്ക് ചരമഗീതം കുറിച്ചത്. തുരുന്പെടുത്ത് ദ്രവിച്ച സോളാർ ലൈറ്റ് പോസ്റ്റുകൾ കുറേക്കാലം നിരത്തിൽ നോക്കുകുത്തികളായി നിലകൊണ്ടു. പിന്നീട് പലതും നഗരസഭ നീക്കം ചെയ്തു. തൊഴുക്കലിലെ നഗരസഭ ഭൂമിയിൽ സോളാർ ലൈറ്റ് പദ്ധതിയുടെ അവശിഷ്ടങ്ങൾ വാരിക്കൂട്ടിയിട്ടിട്ടുണ്ട്. പാതയോരങ്ങൾ പ്രകാശപൂരിതമാക്കാൻ പരന്പരാഗത തെരുവുവിളക്കുകൾക്ക് പകരം എൽഇഡികൾ സ്ഥാപിച്ച നിലാവ് പദ്ധതിക്കായും ലക്ഷങ്ങൾ ചെലവഴിക്കപ്പെട്ടു.

തദ്ദേശസ്വയംഭരണ വകുപ്പ്, കെഎസ്ഇബി, ഇഇഎസ്എൽ എന്നിവയാണ് പദ്ധതിയിലെ മുഖ്യഘടകങ്ങൾ. കേടായ തെരുവു വിളക്കുകൾ യഥാസമയം അറ്റകുറ്റപ്പണി നടത്താനോ പുതിയവ സ്ഥാപിക്കാനോ കെഎസ്ഇബി തയാറായില്ലായെന്ന ആക്ഷേപം ഉയർന്നു. എന്തായാലും നിലാവ് പദ്ധതിയും മുൻകാലത്തെ തെരുവു വിളക്ക് പദ്ധതികൾ പോലെ പരാജയമായി. ചില വാർഡുകളിൽ അതാത് കൗൺസിലർമാർ മുൻകൈയെടുത്ത് തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും പറയപ്പെടുന്നു. പുതിയ ഭരണസമിതിയെ സംബന്ധിച്ചിടത്തോളം തെരുവു വിളക്കുകളുമായി ബന്ധപ്പെട്ട പരാതികൾക്ക് പരിഹാരം കാണുമെന്ന നിലപാടാണ് കൈക്കൊണ്ടിട്ടുള്ളത്. പുതിയ രണ്ടായിരം എൽഇഡി തെരുവു വിളക്കുകൾ സ്ഥാപിക്കുമെന്ന വാഗ്ദാനം ഇപ്രാവശ്യത്തെ നഗരസഭ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പഴകുറ്റി വെമ്പായം റോഡിലെ പ്ലാവറയിൽ റോഡ് ഇടിഞ്ഞുതാണു

നെടുമങ്ങാട്: പഴകുറ്റി വെമ്പായം റോഡിൽ വേങ്കവിള പ്ലാവറയിൽ റോഡ് ഇടിഞ്ഞുതാണു. ഒരു വർഷത്തിനിടെ നിർമാണം പൂർത്തിയാക്കിയ റോഡാണിത്. നിർമാണത്തിൻറെ തുടക്കത്തിൽ തന്നെ നാട്ടുകാർ വ്യാപകമായ പരാതി ഉന്നയിച്ചിരുന്ന സ്ഥലമാണ് ഇപ്പോൾ അപകടക്കെണിയായത്. റോഡ് ഇടിഞ്ഞുതാഴ്ന്ന വിവരം നാട്ടുകാർ അറിയിച്ചതിനെ തുടർന്നു പൊതുമരാമത്ത് ജീവനക്കാർ സ്ഥലത്തെത്തി റോഡ് അപകടത്തിലാണെന്നുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചു.

റോഡിൻറെ രണ്ടാംഘട്ട വികസനത്തിനായി ആറുമാസം മുൻപാണ് 12.93- കോടി അനുവദിച്ചത്. പഴകുറ്റി മുതൽ മുക്കംപാലമൂട് വരെയുള്ള ആദ്യ റീച്ചിൻറെ അപാകങ്ങൾ പരിഹരിക്കാനും ശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കാനുമായിരുന്നു ഇത്. ഈ റീച്ചിലെ റോഡ്, പാലം ജോലികളുടേയും യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ജോലികൾക്കുമായി ആദ്യഘട്ടത്തിൽ 41.05- കോടി രൂപ വകയിരുത്തിയിരുന്നു.

2023-ഏപ്രിലിൽ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്ന കരാറിലാണു റോഡുപണി ആരംഭിച്ചത്. എന്നാൽ കരാറെടുത്തിരുന്ന കമ്പനി ജോലി പൂർത്തിയാക്കാതെ ഉപേക്ഷിച്ചുപോയി. കിഫ്ബിയിൽനിന്നും കൂടുതൽ തുക അനുവദിച്ചാണ് വീണ്ടും പണി ആരംഭിച്ചത്. 203-കുടുംബങ്ങളിൽ നിന്നും 73.500- സെൻറ് ഭൂമി ഏറ്റെടുത്ത് ഇവർക്ക് 5.61 കോടി രൂപ നഷ്ടപരിഹാരവും വിതരണം ചെയ്തിരുന്നു. കോടികൾ ചിലവിട്ടു നിർമിച്ച പഴകുറ്റി വെമ്പായം മംഗലപുരം റോഡുനിർമാണത്തിൽ ക്രമക്കേടും അപാകങ്ങളുമുണ്ടെന്ന് തുടക്കത്തിലേ പരാതി ഉയർന്നിരുന്നു.

പലയിടങ്ങളിലും റോഡിന് നിശ്ചയിച്ചത്ര വീതിയില്ല, നിലവിലെ ഓടകൾ നില നിർത്തിക്കൊണ്ട് അതിനു മുന്നിലായി പുതിയ ഓടകൾ നിർമിക്കുന്നു, റോഡിൻറെ വീതി ഡിപിആറിൽനിന്നും കുറച്ചാണ് നിർമിക്കുന്നത്, വൈദ്യുതിതൂണുകൾ മാറ്റുന്നില്ല തുടങ്ങിയവയാണ് നാട്ടുകാരുടെ പരാതി. ഇതിനിടയിലാണ് റോഡ് ഇടിഞ്ഞു താണത്. 20-കിലോമീറ്റർ ദൈർഘ്യത്തിൽ നിർമി ക്കുന്ന റോഡിന് 121-കോടിയാണ് നിർമാണച്ചിലവ്. എംസിറോഡിനേയും അന്തർസംസ്ഥാന പാതയേയും ബന്ധിപ്പിക്കുന്ന ഈ റോഡ് മൂന്നുറീച്ചുകളായിട്ടാണ് നിർമിക്കുന്നത്.

രക്ഷയ്ക്കെത്തി ഫയർഫോഴ്സ് സംഘം : മരത്തിൽക്കയറി യുവാവിൻെറ ആത്മഹത്യാ ഭീഷണി

വിഴിഞ്ഞം: അർധരാത്രിയിൽ ആളൊഴിഞ്ഞ പുരയിടത്തിലെ മരത്തിൽക്കയറി യുവാവിൻറെ ആത്മഹത്യാ ഭീഷണി. താഴെയിറക്കാനുള്ള നാട്ടുകാരുടെയും പോലീസിൻറെയും ശ്രമം പരാജയപ്പെട്ടതോടെ ഫയർ ഫോഴ്സിൻറെ സഹായം തേടി. അഞ്ചുമണിക്കൂർ നീണ്ട പരിശ്രമത്തിനൊടുവിൽ അനുനയത്തിലൂടെ ഫയർ ഫോഴ്സ് സുരക്ഷിതമായി താഴെയിറക്കി.

വെള്ളിയാഴ്ച രാത്രി ഒന്പതോ ടെ വിഴിഞ്ഞം പയറുമൂടുള്ള ആളൊഴിഞ്ഞ പുരയിടത്തിലെ മുപ്പത് അടിയോളം പൊക്കമുള്ള അഞ്ഞിലിമരത്തിലാണ് യുവാവ് കയറിക്കൂടിയത്. ബെംഗളൂരു യാത്രയ്ക്കായി അമ്മ അനുമതി നൽകാത്ത വിഷമത്തിലാണ് ഭീഷണിയുമായി മരത്തിൽ കയറിയ തെന്നാണ് പയറുമൂട് സ്വദേശിയായ ഇരുപതുകാരൻറെ വാദം. കൃത്യമായ വഴികൾ പോലുമില്ലാത്ത ആളൊഴിഞ്ഞു വിജനമായ സ്ഥലത്തെ മരത്തിൽ കയറിയ ഇയാൾ വെല്ലുവിളിയും തുടങ്ങി.പോലീസും നാട്ടുകാരും അമ്മയും മണിക്കൂറുകളോളം അനുനയിപ്പിക്കാൻ ശ്രമിച്ചിട്ടും ഇയാൾ വഴങ്ങിയില്ല. ഒടുവിൽരാത്രി പന്ത്രണ്ടുമണിയോടെയാണ് ഫയർ ആൻഡ് റെസ്ക്യൂവിൻറെ സഹായം അധികൃതർ തേടിയത്. സേനയെത്തി റെസ്ക്യൂ നെറ്റ് വിരിച്ച് താഴെ സുരക്ഷയൊരുക്കി. അവശനായ ഇയാൾക്ക് ലാഡറിൻറെ സഹായത്താൽ വെള്ളം നൽകാമെന്ന് സേനാംഗങ്ങൾ അറിയിച്ചു.ഒരു മണിയോടെ വെള്ളം വാങ്ങാനായി ലാഡറിലൂടെ താഴെക്ക് ഇറങ്ങിയ മനീഷിനെ സേനാംഗങ്ങൾ തന്ത്രപൂർവം പിടിയിലാക്കി. തുടർന്ന് പോലീസിനു കൈമാറിയ യുവാവിനെ 108 ആംബുലൻസിൽ ആശുപത്രിയിലേക്കു മാറ്റി. സീനിയർ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ ശരത്ചന്ദ്രൻറെ നേതൃത്വത്തിൽ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർമാരായ സന്തോഷ് കുമാർ, ഹരിദാസ്, അനുരാജ്, അനീഷ്, സാജൻ, രതീഷ് എന്നിവർ നേതൃത്വം നൽകി.

വ്ളാവെട്ടി– കോട്ടൂർ റോഡ് പൂർണമായും തകർന്നു

നെയ്യാർഡാം : രണ്ടു മണ്ഡലങ്ങളിലൂടെയുള്ള ടൂറിസം റോഡ്... പക്ഷേ, ശ്രദ്ധിക്കാൻ ആർക്കും നേരമില്ല. വിനോദ സഞ്ചാര റോഡുകൾ തകർന്ന നിലയിൽ. കോട്ടൂർ കാപ്പുകാട് ആന പുനരധിവാസ കേന്ദ്രം, നെയ്യാർഡാം വിനോദസഞ്ചാരകേന്ദ്രം എന്നിവയെ ബന്ധിപ്പിക്കുന്ന വ്ളാവെട്ടി– കോട്ടൂർ റോഡ് പൂർണമായും തകർന്നു. കള്ളിക്കാട്, കുറ്റിച്ചൽ പഞ്ചായത്തുകളിലായി നാലു കിലോമീറ്റർ വരുന്ന റോഡിൻറെ എല്ലാ ഭാഗത്തും കുഴികളാണ്. പലയിടത്തും ടാർ ഒലിച്ചുപോയി.

റോഡിൻറെ സ്ഥിതി കാരണം ഓട്ടോ വിളിച്ചാൽ പോലും വരാറില്ലെന്നു നാട്ടുകാർ പറഞ്ഞു. കുറ്റിച്ചൽ പഞ്ചായത്തിലെ കോട്ടൂർ മുതൽ വില്ലുചാരി വ്ളാവെട്ടി വരെയുള്ള ഭാഗം പൊതുമരാമത്ത് വകുപ്പ് ഈയിടെ ഏറ്റെടുത്തതാണ്. വ്ളാവെട്ടി മുതൽ നെയ്യാർഡാം വരെ കള്ളിക്കാട് പഞ്ചായത്തിനൻറെ റോഡുമാണ്. ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന റോഡ് എന്നതിനുപുറമേ സഹകരണ വകുപ്പിനുകീഴിലെ കോളജുകൾ, തുറന്ന ജയിൽ, ചീങ്കണ്ണി പാർക്ക്, മാൻ പാർക്ക് തുടങ്ങിയവ സ്ഥിതിചെയ്യുന്നതും ഈ റോഡിലാണ്.

അരുവിക്കര, പാറശാല നിയോജകമണ്ഡലങ്ങളിൽ വരുന്ന രണ്ടു പഞ്ചായത്തുകളിലുമായി ഉൾപ്പെടുന്ന റോഡ് നവീകരിക്കാൻ ജനപ്രതിനിധികൾ മുൻകൈയെടുക്കുന്നില്ലെന്നും വിമുഖത കാട്ടുന്നുവെന്നും നാട്ടുകാർ ആരോപിച്ചു. നെയ്യാർ അണക്കെട്ട് ചുറ്റിയാണ് ഈ റോഡ് പോകുന്നത്.

അതിനാൽ തന്നെ റോഡ് വഴി പോയാൽ ഡാമിൻറെ മനോഹരമായ കാഴ്ച്ചകളും കിട്ടും. അതിനാൽ ഈ റോഡിലൂടെ പോകാൻ സഞ്ചാരികളും കൗതുകം കാട്ടും, പക്ഷേ റോഡിൻറെ അവസ്ഥയാണു ദയനീയം. ഇതു വഴിയുള്ള കെഎസ്ആർടിസി സർവീസ് പോലും നിറുത്താനുള്ള ആലോചനയിലാണ്.

അനധികൃത സ്ഥലംമാറ്റം ആരോപിച്ച് ജില്ലാ ട്രഷറി ഓഫീസറെ തടഞ്ഞുവച്ചു

കാട്ടാക്കട: അനധികൃത സ്ഥലം മാറ്റമെന്ന് ആരോപിച്ച് എൻജിഒ യൂണിയൻ ഭാരവാഹികൾ ജില്ലാ ട്രഷറി ഓഫീസറെ തടഞ്ഞുവച്ചു. ഇരുപതോളം ജീവനക്കാരെ (ഓഫീസ് അസിസ്റ്റൻറ്) സ്ഥലം മാറ്റിയതിൽ പ്രതിഷേധിച്ചാണ് എൻജിഒ യൂണിയൻ പ്രവർത്തകർ ജില്ലാ ട്രഷറി ഓഫീസറെ തടഞ്ഞു വച്ച് പ്രതിഷേധിച്ചത്.

മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്യും മുൻപ് ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾ അനധികൃതമാണെന്നും വ്യക്തിവൈരാഗ്യം തീർക്ക ലാണെന്നും ആരോപിച്ചാണ് എൻജിഒ യൂണിയൻ ഭാരവാഹി കൾ ജില്ലാ ട്രഷറി ഓഫീസർ പി. എൽ. സജുവിനെ തടഞ്ഞുവച്ചത്. ഇന്നലെ വൈകുന്നേരം അഞ്ചോടെയാണു ജീവനക്കാർ സംഘടിച്ചത്. ഓഫീസ് കാബി നിൽനിന്നു സജുവിനെ ജീവനക്കാർ പുറത്തിറങ്ങാൻ സമ്മതിക്കാതെ തടഞ്ഞുവയ്ക്കുകയായിരുന്നു.

സമരം കടുത്തതോടെ കാട്ടാക്കട പോലീസ് സ്ഥലത്തെത്തി സമരക്കാരുമായി നടത്തിയ ശ്രമം പരാജയപ്പെട്ടതോടെ ഏതാണ്ട് സംഘർഷാവസ്ഥ സംജാതമായി. പ്രതിഷേധം കടുത്തതോടെ പോലീസ് ജില്ലാ ട്രഷറി ഓഫീസറെ കാബിനിൽനിന്നും പുറത്തെത്തിച്ചു വീട്ടിലേക്കു മടക്കിയയച്ചു. ഇതോടെയാണ് സമരം അവസാനിച്ചത്. ട്രഷറി വകുപ്പിൽ ജോലി ചെയ്തിരുന്ന എൻജിഒ യൂണിയൻ കാട്ടാക്കട ഏരിയ സെക്രട്ടറി എസ്. അനിൽകുമാർ ഉൾപ്പെടെ യുള്ളവരെയാണു സ്ഥലം മാറ്റിയത്.ട്രഷറി വകുപ്പിൽ ഓഫീസ് അസിസ്റ്റൻറ് ഉൾപ്പെടെ 20 പേർക്കാണു സ്ഥലം മാറ്റമുണ്ടായത്. ഇതു സംബന്ധിച്ച ഉത്തരവ് ജില്ല ട്രഷറി ഓഫീസർ പുറത്തിറക്കിയിരുന്നു. ഇതിനെതിരേയാണ് പ്രതിഷേധം. വനിതകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ഒരു അറിയിപ്പും നൽകാതെയാണ് നടപടി എന്നും ഇവർ ആരോപിച്ചു.കാട്ടാക്കട ട്രഷറി ഉദ്യോഗസ്ഥനും എൻജിഒ യൂണിയൻ ഏരിയ സെക്രട്ടറിയുമായ എസ്. അനിൽകുമാറിനെ വിഴിഞ്ഞം ട്രഷറിയിലേക്കും ജില്ലാകമ്മിറ്റി അംഗങ്ങളെ പാറശാലയിലേക്കുമാണു മാറ്റിയത്.ഒരു സ്റ്റേഷനിൽ മൂന്നു വർഷം ജോലി ചെയ്യാമെന്നിരിക്കെ രണ്ടുവർഷം പോലും തികയാത്ത ആളുകളെ വരെ സ്ഥലം മാറ്റിയതാണ് പ്രതിഷേധത്തിന് ഇടയാക്കിയതെന്ന് യൂണിയൻ സംസ്ഥാന വൈസ് പ്രസിഡൻറ് ഗോപകുമാർ പറഞ്ഞു. ഒന്പതു പ്യൂൺമാരെയും, നാല് ജൂണിയർ സൂപ്രണ്ടുമാരെ യും ഏഴ് അക്കൗണ്ടൻറുമാരേയുമാണ് കാട്ടാക്കട ജില്ലാ ട്രഷറുടെ കീഴിലെ വിതുര മുതൽ പാറശാല വരെയുള്ള ട്രഷറികളിലേക്ക് സ്ഥലം മാറ്റിയത്.

അതേസമയം ജില്ലാ ട്രഷറി ഓഫീസർക്ക് തിരുവനന്തപുരത്തേക്ക് സ്ഥലം മാറ്റമായെന്നും അതിനു മുൻപുള്ള പ്രതികാരനടപടിയാണ് ഇതെന്നുമാണ് യൂണിയൻ നേതാക്കൾ ആരോപിക്കുന്നത്. അതേസമയം ചട്ടം ലംഘിച്ച് ഒന്നും ചെയ്തിട്ടില്ലെന്നു ജില്ലാ ട്രഷറി ഓഫീസറും പറഞ്ഞു.

ആശുപത്രിക്കെട്ടിടത്തിൽനിന്ന് ചാടിയ ആൾക്ക് ഗുരുതര പരിക്ക്

നെടുമങ്ങാട്: ജില്ലാ ആശുപത്രിയുടെ മൂന്നാംനിലയിൽ നിന്നു ചാടിയ വയോധികനു ഗുരുതരപരിക്ക്. ആനാട് പുനവക്കുന്ന് സ്വദേശി ഉണ്ണിക്കൃഷ്ണനനാണ് (78) ചാടിയത്.തിങ്കൾ പകൽ മൂന്നിന് ജില്ലാ ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയ ഉണ്ണിക്കൃഷ്ണൻ, ഒപി ടിക്കറ്റെടുത്ത് ഡോക്ടറെ കണ്ടു. ഡോക്ടർ രക്തം പരിശോധിക്കാൻ നിർദേശിച്ചു. ഉടനെ ലാബ് പ്രവർത്തിക്കുന്ന കെട്ടിടത്തിൻറെ മൂന്നാം നിലയിൽനിന്നു ചാടുകയായിരുന്നു.ഗുരുതര പരിക്കേറ്റ ഇദ്ദേഹത്തെ പ്രാഥമിക ചികിത്സ നൽകി മെഡിക്കൽ കോളജ് ആശുപത്രിയിലെ തീവ്രപരിചരണവിഭാഗത്തിലേക്കു മാറ്റി.

മഴ ശക്തം: വീടുകളിലേക്ക് മാലിന്യം ഒഴുകിയെത്തി

വെള്ളറട: രാത്രിയിലും തുടർന്ന മഴയിൽ പനച്ചമൂട്ടിലെ മാലിന്യം മുഴുവനും കുരുവിത്തറ-നല്ലിക്കുഴി റോഡിൽ പല വീടുകളിലും ഒഴുകിയെത്തിയത് പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കി. റോഡ് വക്കിൽ വെള്ളം വാർന്നു പോകുന്നതിനുള്ള ഓട ക്രമീകരിക്കാത്തതു വെള്ളം വീടുകളിലേക്ക് പാഞ്ഞു കയറാൻ കാരണമായി. മഴയും മിന്നലും ശക്തമായി തുടരുന്നതിനൊപ്പമാണു മലിനജലം വീടുകളിലേക്ക് പാഞ്ഞുകയറിയത്. ദിവസങ്ങളായി മലയോര മേഖലകളിൽ വേനൽമഴ തുടരുകയാണ്. മഴയ്ക്കൊപ്പം വീശിയടിച്ച കാറ്റിൽ നിരവധി മരങ്ങളും കടപുഴകി വീണ് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. വെള്ളറട പഞ്ചായത്തിൽ മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതാണ് ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാൻ കാരണം. പനച്ചമൂട് -വെള്ളറട റോഡിലെ പ്രധാന റോഡ് വക്കിലുള്ള മാലിന്യങ്ങൾ മുഴുവനും ഒഴുകിയെത്തുന്നത് കുരുവിത്തറ -നെല്ലിക്കുഴി റോഡിലാണ്. മാലിന്യം മുഴുവനും സമീപത്തെ വീടുകളിലേക്ക് ഒലിച്ചു കയറിയതാണ് പ്രദേശവാസികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നത്. സമീപത്തെ കിണറുകളിലേക്കും ഈ വെള്ളം വാർന്നൊഴുകുന്നുണ്ട്. ഹെൽത്ത് അധികൃതരുടെ നടപടികളും ലക്ഷ്യം കാണുന്നില്ല. പ്രദേശത്ത് കുടുംബശ്രീ എഡിഎസ് പ്രവർത്തകർ ഉണ്ടെങ്കിലും ഇവയ്ക്കൊന്നും ശ്രദ്ധ നൽകുന്നി ല്ലെന്നും ആക്ഷേപമുണ്ട്. പ്രധാന റോഡിലെ ഓടയിൽനിന്ന് ഒഴുകിവരുന്ന വെള്ളം റോഡിൽ കയറാതെ പാർശ്വഭാഗത്ത് ഓട നിർമിച്ച് തോട്ടിലേക്ക് സുഗമമായി വെള്ളം ഒഴുകിപ്പോകാനുള്ള ക്രമീകരണം അടിയന്തരമായി ചെയ്തില്ലായെങ്കിൽ നാളുകൾ തുടരുന്ന മഴ വരും ദിവസങ്ങളിലും പ്രദേശത്തെ വീടുകൾക്ക് ശാപമായിത്തീരുമെന്നുറപ്പാണ്. കൂടാതെ പ്രദേശത്ത് മിക്ക റോഡുവക്കിലും ഓടകളെല്ലാം നികന്നു വെള്ളമെല്ലാം റോഡിൽകൂടെ ഒഴുകുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ഇവയ്ക്കും പരിഹാരം കാണേണ്ടതുണ്ട്. തൊഴിലുറപ്പ് തൊഴിലാളികളെക്കൊണ്ട് അതാത് മേഖലയിലുള്ള ഓടകൾ കോരി വൃത്തിയാക്കി വീടുകളിലേക്കു മലിനജലം കയറുന്നത് ഒഴിവാകാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു.

ടെക്നോപാർക്കിലെ ഐടി ആവാസവ്യവസ്ഥയെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്നതിനായി തിങ്കളാഴ്ച ടെക്നോപാർക്ക് സന്ദർശിച്ച കേരള കേഡർ ഐഎഎസ് ഓഫീസർ ട്രെയിനികളായ ദിനേശ് വിഷ്ണോയ്, ഹൃത്വിക് രഞ്ജൻ, സ്വാതി എസ്, പ്രീതി എ.സി, മാളവിക ജി നായർ എന്നിവർ. ടെക്നോപാർക്ക് മാർക്കറ്റിംഗ് ആൻഡ് കസ്റ്റമർ റിലേഷൻഷിപ്പ് ഡെപ്യൂട്ടി വൈസ് പ്രസിഡൻറ് വസന്ത് വരദ, അഡ്മിനിസ്ട്രേഷൻ ആൻഡ് ഇൻഡസ്ട്രിയൽ റിലേഷൻസ് അസിസ്റ്റൻറ് വൈസ് പ്രസിഡൻറ് അഭിലാഷ് ഡി.എസ്, മാർക്കറ്റിംഗ് സീനിയർ മാനേജർ ജോർജ് ജേക്കബ് എന്നിവർ സമീപം.

കൊട്ടാരക്കര ബ്ലോക്കിൽ ഓംബുഡ്സ്മാൻ സിറ്റിംഗ് നടത്തി

കൊട്ടാരക്കര: ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളിൽ തൊഴിൽ ദിനങ്ങൾ വർധിപ്പിക്കണമെന്ന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പിഎംഎവൈ-ജി പദ്ധതികളുടെ ജില്ലാ ഓംബുഡ്സ്മാൻ ജി. കൃഷ്ണകുമാർ നിർദേശിച്ചു. കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിൽ നടത്തിയ സിറ്റിംഗിൽ പ്രസംഗിക്കുകയായിരുന്നു ഓംബുഡ്സ്മാൻ. കഴിഞ്ഞ ദിവസത്തെ കണക്കനുസരിച്ച് ബ്ലോക്ക് പരിധിയിൽ യഥാക്രമം 5904,5540 തൊഴിൽ ദിനങ്ങൾ വീതം സൃഷ്ടിച്ച വെളിയം, കരീപ്ര പഞ്ചായത്തുകളെ ഓംബുഡ്സ്മാൻ അഭിനന്ദിച്ചു. 824 തൊഴിൽ ദിനങ്ങൾ മാത്രം നൽകിയ പൂയപ്പള്ളിയാണ് തൊഴിൽ നൽകുന്നതിൽ പിന്നിൽ. എഴുകോൺ 2900, നെടുവത്തൂർ 2881 എന്നിങ്ങനെ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ബ്ലോക്കിലെ അഞ്ച് പഞ്ചായത്തുകളിലായി 18,039 തൊഴിൽ ദിനങ്ങളാണ് സൃഷ്ടിച്ചത്. മുൻവർഷത്തെ അപേക്ഷിച്ച് ഇത് കുറവാണ്. പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയിൽ കരാർ വച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് ഭവന നിർമാണ ധനസഹായം വൈകാതെ നൽകണം. മഴയ്ക്ക് മുൻപേ പരമാവധി വീടുകളുടെ നിർമാണം പൂർത്തീകരിക്കണമെന്നും ഓംബുഡ്സ്മാൻ നിർദേശിച്ചു. പിഎംഎവൈ - ജി, ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ ലഭിക്കേണ്ട 90 ദിവസത്തെ തൊഴിലും കൂലിയും സമയബന്ധിതമായി നൽകണം.

സാങ്കേതിക നൂലാമാലകൾ പറഞ്ഞ് ഗുണഭോക്താക്കളുടെ ആനുകൂല്യങ്ങൾ വൈകാൻ പാടില്ലെന്നും ഓംബുഡ്സ്മാൻ പറഞ്ഞു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. ബിന്ദു, പഞ്ചായത്ത് പ്രസിഡൻറുമാരായ മനു ബിനോദ് -കരീപ്ര, എൽ. ശശികല -പൂയപ്പള്ളി, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് ആർ. പ്രേമചന്ദ്രൻ, ബിഡിഒ എൽ. വി. റാണി, തൊഴിലുറപ്പ് ജോ. ബിഡിഒ സി. ആദർശ്, ഹൗസിംഗ് ഓഫീസർ പി. ഉഷ, ബ്ലോക്ക് അക്രഡിറ്റഡ് എൻജിനീയർ എം. ജി. ശ്രീരാജ് തുടങ്ങിയവർ പ്രസംഗിച്ചു. ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഗുണഭോക്താക്കളും പങ്കെടുത്തു.

അധികൃതർ നടപടിയെടുക്കുന്നില്ലെന്ന് ആക്ഷേപം: നെടുമങ്ങാട് മേഖലയിൽ തെരുവുനായ ശല്യം രൂക്ഷം

നെടുമങ്ങാട്: നെടുമങ്ങാടും സമീപപ്രദേശങ്ങളിലും തെരുവുനായ ശല്യം രൂക്ഷമായതോടെ പുറത്തിറങ്ങാനാകാതെ വലയുകയാണ് നാട്ടുകാർ. ദിവസേന നൂറുകണക്കിനാളുകളെത്തുന്ന നെടുമങ്ങാട് ബസ് സ്റ്റാൻഡിലും ജില്ലാ ആശുപത്രിയിലും റവന്യൂ ടവറിലും തെരുവുനായ ശല്യം ദിനംപ്രതി വർധിച്ചുവരികയാണ്.

മറ്റിടങ്ങളിൽനിന്നു പിടികൂടുന്ന നായകളെ രാത്രിയിലും മറ്റും വാഹനത്തിൽ കയറ്റി നെടുമങ്ങാടും പരിസരപ്രദേശങ്ങളിലും ഉപേക്ഷിക്കുന്നതായാണ് നാട്ടുകാരുടെ പരാതി. ഇക്കാരണത്താലാണ് നെടുമങ്ങാട്ടും പരിസരപ്രദേശങ്ങളിലും തെരുവുനായ ശല്യം ദിനംപ്രതി വർധിച്ചു വരുവാൻ കാരണമെന്ന് പ്രദേശവാസികൾ പറയുന്നു. നെടുമങ്ങാട് ടൗണിൽ താമസിക്കുന്നവർ വളർത്തുന്ന നായകളെ, യാതൊരു സുരക്ഷയുമില്ലാതെ അഴിച്ചു വിട്ടിരിക്കുന്നതും പട്ടണത്തിലെത്തുന്നവർക്ക് വിനയായിട്ടുണ്ട്.

വീട്ടിൽ വളർത്തുന്ന നായകളെ തുറന്നു വിടുമ്പോൾ തെരുവുനായകളുമായി ചേർന്നു കടിപിടികൂടുന്നത് പതിവായിരിക്കുകയാണ്. നായകൾ വാഹനങ്ങൾക്കു മുന്നിലേക്ക് ഓടിയടുക്കുന്നതിനാൽ അപകടങ്ങളും നിത്യസംഭവമായിട്ടുണ്ട്. കൂട്ടമായെത്തുന്ന തെരുവ് നായകൾ വളർത്തുമൃഗങ്ങളെയും ആക്രമിക്കാറുണ്ട്. അടഞ്ഞുകിടക്കുന്ന കടകൾ, ഒഴിഞ്ഞ പറമ്പുകൾ, പണി പൂർത്തിയാകാത്ത കെട്ടിടങ്ങൾ, ഇടവഴികൾ തുടങ്ങിയ ഇടങ്ങളിലാണ് നായകൾ തമ്പടിച്ചിരിക്കുന്നത്. ഇവയിൽ ഭൂരിഭാഗവും ത്വക് രോഗങ്ങളും മറ്റും ബാധിച്ചവയും രോഗാണു വാഹകരുമാണ്. നെടുമങ്ങാട് മാർക്കറ്റ് ജംഗ്ഷനിലും ആശുപത്രി ജംഗ്ഷനിലും ത്വക്ക് രോഗം ബാധിച്ച അഞ്ചോളം തെരുവുനായ്ക്കൾ പ്രദേശവാസികൾക്കും കച്ചവടക്കാർക്കും ദുരിതമുണ്ടാക്കുന്നു. നഗരസഭ ശക്തമായ നടപടി എടുക്കാത്തതാണു ശല്യം ക്രമാതീതമായി വർധിക്കുവാൻ കാരണമെന്ന് പ്രദേശവാസികളും ചെറുകിട കച്ചവടക്കാരും യാത്രക്കാരും പറയുന്നു. അധികാരികൾ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് പ്രദേശവാസികളുടെ ആവശ്യം. നെടുമങ്ങാട് കേന്ദ്രമാക്കി സർക്കാരിന്റെ കീഴിലുള്ള തെരുവുനായ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി പട്ടണത്തിൻറെ ഒരു ഭാഗത്ത് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചവെങ്കിൽ തന്നെയും പിന്നീട് ഇതിൻറെ പ്രവർത്തനം മന്ദഗതിയിലാണെന്നും ആക്ഷേപമുണ്ട്.

കരുനാഗപ്പള്ളി ഐഎച്ച്ആർഡി കോളജ് വിദ്യാർഥിക്ക് അന്താരാഷ്ട്ര പുരസ്കാരം

കരുനാഗപ്പള്ളി: ഐഎച്ച്ആർഡി എൻജിനിയറിംഗ് കോളജിലെ ഫൈനൽ ഇയർ കംപ്യൂട്ടർ സയൻസ് ബിടെക് വിദ്യാർഥിയായ ആർ. ബി. അഭിമന്യു, ആമസോൺ വെബ് സർവീസസ് (എഡബ്ല്യുഎസ്) സംഘടിപ്പിച്ച നൂതന ആശയ പുരസ്കാര വിഭാഗത്തിൽ വിദഗ്ധ സമിതിയാൽ തെരഞ്ഞെടുക്കപ്പെട്ടു.

115-ലധികം രാജ്യങ്ങളിൽ നിന്നുള്ള സമർപ്പണങ്ങളാണ് മത്സരത്തിലുണ്ടായിരുന്നത്. വിവിധ ഘട്ടങ്ങളിലായുള്ള കർശനമായ തെരഞ്ഞെടുപ്പ് പ്രക്രിയക്കൊടുവിലാണ് അഭിമന്യു അംഗീകാരം നേടിയത്.

അഭിമന്യു വികസിപ്പിച്ച 'അനുകൃതി' എന്ന എഐ അധിഷ്ഠിത ഗവേഷണ സംവിധാനത്തിനാണ് ഈ അംഗീകാരം ലഭിച്ചത്.

വിവിധ ജനവിഭാഗങ്ങളിലുള്ള ആളുകളിൽ മരുന്നുകൾ എങ്ങനെ വ്യത്യസ്തമായി പ്രതികരിക്കാമെന്നു പഠിക്കാനും ജനിതക വിവരങ്ങളും ആർട്ടിഫിഷ്യൽ ഇൻറലിജൻസും ഉപയോഗിച്ച് മരുന്നുകളുടെ സുരക്ഷ മുൻകൂട്ടി വിലയിരുത്താനും സഹായിക്കുന്ന സംവിധാനമാണിത്.

മെഡിക്കൽ ഗവേഷണങ്ങളിൽ പരിമിതമായ ജനവിഭാഗങ്ങളുടെ ഡാറ്റ കൂടുതലായി ഉപയോഗിക്കപ്പെടുന്നതിനാൽ മറ്റു സമൂഹങ്ങളിലെ ആളുകളിൽ മരുന്നുകളുടെ അപകടസാധ്യതകൾ മുൻകൂട്ടി തിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ട്. അനുകൃതി ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ സഹായിക്കുന്ന സംവിധാനമാണ്.

ശ്രദ്ധേയമായ സാങ്കേതിക നടപ്പാക്കലിനും സൃഷ്ടിപരമായ പ്രശ്നപരിഹാര കഴിവിനുമാണ് അഭിമന്യുവിനെ പുരസ്കാരത്തിനായി തെരഞ്ഞെടുത്തത്. പുരസ്കാരമായി 10, 000 അമേരിക്കൻ ഡോളർ പാരിതോഷികവും 1,000 അമേരിക്കൻ ഡോളർ മൂല്യമുള്ള എഡബ്ല്യുഎസ് ക്ലൗഡ് സേവന ക്രെഡിറ്റും ലഭിച്ചു.

ക്രൈസ്തവ-മുസ്ലിം സൗഹൃദത്തിനു മാർപാപ്പയുടെ ആഹ്വാനം

വത്തിക്കാൻ സിറ്റി: അനുകന്പയും സഹാനുഭൂതിയും ഊട്ടിയുറപ്പിച്ചുകൊണ്ടുള്ള ക്രിസ്ത്യൻ-മുസ്ലിം സൗഹൃദത്തിന് ആഹ്വാനം ചെയ്ത് ലെയോ പതിനാലാമൻ മാർപാപ്പ.

വത്തിക്കാനിലെ മതാന്തര സൗഹാർദത്തിനുള്ള കാര്യാലയവും ജോർദാനിലെ റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻറർ ഫെയ്ത്ത് സ്റ്റഡീസും തമ്മിലുള്ള എട്ടാമത് സംവാദ പരിപാടിയിൽ പങ്കെടുക്കാനെത്തിയവരെ അഭിസംബോധന ചെയ്യുകയായിരുന്നു മാർപാപ്പ.

'ആധുനികകാലത്തെ മാനുഷിക അനുകന്പയും സഹാനുഭൂതിയും' എന്ന പ്രമേയം മുൻനിർത്തിയായിരുന്നു സംവാദ പരിപാടി. സംവാദത്തിനായി തെരഞ്ഞെടുത്ത പ്രമേയം ഏറെ കാലോചിതമാണെന്നും ഇതു പാർശ്വവത്കരിക്കപ്പെട്ട വികാരങ്ങളല്ല; മറിച്ച്, ഇരു മതപാരന്പര്യങ്ങളുടെയും അനിവാര്യമായ മനോഭാവങ്ങളും യഥാർഥ മനുഷ്യജീവിതം നയിക്കാനുള്ള കാഴ്ചപ്പാടുകളുമാണെന്നും മാർപാപ്പ പറഞ്ഞു.

മനുഷ്യൻറെ അനുകന്പയും സഹാനുഭൂതിയും ദൈനംദിന ജീവിതത്തിൽ ദൈവത്തിൻറെ നന്മയെ പ്രതിഫലിപ്പിക്കാനുള്ള ആഹ്വാനമാണെന്നു പറഞ്ഞ മാർപാപ്പ, ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും സമൂഹത്തിൻറെയും ഭരണകൂടത്തിൻറെയും പ്രത്യേക ശ്രദ്ധയും സഹായവും അർഹിക്കുന്നുവെന്ന ലെയോ പതിമൂന്നാമൻ മാർപാപ്പയുടെ വാക്കുകളും ഉദ്ധരിച്ചു.

അനുകന്പയും സഹാനുഭൂതിയും ഇന്ന് സമൂഹത്തിൽ അന്യംനിന്നു പോകുന്നു. സാങ്കേതിക മുന്നേറ്റങ്ങൾ ബന്ധങ്ങളെ അടുപ്പിച്ചുവെങ്കിലും നിസംഗതയിലേക്ക് നമ്മെ തള്ളിവിടുകയാണ്. ഇത് ഗുരുതരമായ ആത്മീയ വെല്ലുവിളികളിലൊന്നാണ്. അതിനാൽ, തണുത്തുറഞ്ഞ മാനവികതയെ പുനരുജ്ജീവിപ്പിക്കുക, കഷ്ടപ്പെടുന്നവർക്ക് ശബ്ദം നൽകുക, നിസംഗതയെ ഐക്യദാർഢ്യമാക്കി മാറ്റുക എന്നീ ഉത്തരവാദിത്വങ്ങൾ ക്രൈസ്തവ-ഇസ്ലാം മതങ്ങൾ ഒരുമിച്ച് ഏറ്റെടുക്കണമെന്നും മാർപാപ്പ ആഹ്വാനം ചെയ്തു.

അഭയാർഥികളെ സ്വാഗതം ചെയ്യുന്നതിലും പ്രയാസകരമായ സാഹചര്യങ്ങളിൽ ആവശ്യമുള്ളവരെ സഹായിക്കുന്നതിലും ജോർദാൻ ഭരണകൂടം നടത്തുന്ന പരിശ്രമങ്ങളെയും മാർപാപ്പ അനുസ്മരിച്ചു.ചടങ്ങിൽ വത്തിക്കാനിലെ മതാന്തര സംവാദത്തിനായുള്ള കാര്യാലയത്തിൻറെ പ്രീഫെക്ട് കർദിനാൾ ജോർജ് ജേക്കബ് കൂവക്കാടും പങ്കെടുത്തു.

നോഡ് വക്കിൽ ഓട അടഞ്ഞു; നാട്ടുകാർ ദുരിതത്തിൽ

നെടുമങ്ങാട്: പഴകുറ്റി-സത്രം ജംഗ്ഷൻ-നെടുമങ്ങാട് റോഡിൽ പഴകുറ്റി പെട്രോൾ പമ്പിനു സമീപത്തെ റോഡ് വക്കിൽ ഓട അടഞ്ഞു. കാൽനട യാത്രക്കാരും ഇരുചക്രവാഹന യാത്രക്കാരും ദുരിതത്തിലായി. ഓടയ്ക്കു മുകളിലൂടെയും റോഡിലൂടെയും മലിന ജലം പരന്നൊഴുകിയതോടെ കാൽനട യാത്രക്കാർ മറ്റു മാർഗമില്ലാതെ വലഞ്ഞു. റോഡരികിലെ ഓടയിലൂടെ ഒഴുകുന്ന ജലം പഴകുറ്റി പെട്രോൾ പമ്പിന് സമീപത്താണ് എത്തുന്നത്. ഓട അടഞ്ഞതോടെ മലിനജലം സമീപത്തെ കലുങ്കിലേക്ക് ഒഴുകി എത്തുന്നില്ല.

ഇപ്പോൾ ഈ മലിനജലം റോഡിന് കുറുകെ ഒഴുകി എതിർവശത്തെ നെടുമങ്ങാട് സംസ്ഥാന വെയർ ഹൗസിന് മുന്നിലൂടെ ഒഴുകുകയാണ്. പഴകുറ്റിയിൽനിന്ന് സത്രം ജംഗ്ഷനിലൂടെ ടൗണിലേക്കുള്ള പ്രധാന റോഡാണിത്. വഴയില-പഴകുറ്റി നാലുവരിപ്പാതയുടെ നിർമാണ വേളയിൽ ഇതിനു പരിഹാരം ആകുമെങ്കിലും ഈ പ്രദേശത്ത് ജോലികൾ ആരംഭിക്കാൻ മാസങ്ങൾ കഴിയും.

പൊതുമരാമത്ത് അധികൃതരുടെ ഭാഗത്ത് നിന്നു റോഡിൻറെ വശത്തെ ഓടയിലെ മണ്ണും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനു നടപടി ഉണ്ടാകണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു.

എംഡിഎംഎ കേസിലെ പ്രതികളെ റിമാൻഡ് ചെയ്തു

നെയ്യാറ്റിൻകര: എംഡിഎംഎയും കഞ്ചാവുമായി കഴിഞ്ഞ ദിവസം എക്സൈസ് സംഘത്തിൻറെ പിടിയിലായ രണ്ടു പ്രതികളെയും റിമാൻഡ് ചെയ്തു. കാസറഗോഡ് വെള്ളരിക്കുണ്ട് ചിറ്റാരിക്കൽ പാലവയൽ മെയ്യാൽ വലിയവീട്ടിൽ ജിഷ്ണു (30), മലപ്പുറം നിലന്പൂർ കരുവാരക്കുണ്ട് കിഴക്കേത്തല പാറക്കൽ വീട്ടിൽ സഹിലു റഹ്മാൻ (സഹൻ-36) എന്നിവരെയാണ് നെയ്യാറ്റിൻകര എക്സൈസ് സിഐ ഷമീർഖാൻറെ നേതൃത്വത്തിലുള്ള സംഘം വിഴിഞ്ഞത്തിനു സമീപം മുക്കോലയിൽനിന്ന് പിടികൂടിയത്.

ഇവരുടെ പക്കൽ നിന്നും 51.825 ഗ്രാം എംഡിഎംഎയും 2.5 ഗ്രാം കഞ്ചാവും പിടിച്ചെടുത്തു. ഈ എംഡിഎംഎയ്ക്ക് വിപണിയിൽ മൂന്നരലക്ഷത്തോളം രൂപ വിലയുണ്ടെന്ന് എക്സൈസ് അധികൃതർ പറഞ്ഞു. ഉപഭോക്താക്കൾക്ക് ഓരോ ഗ്രാമിനും ഇരട്ടി വില വരെ ഈടാക്കിയാകും ഇവരുടെ വിൽപ്പനയെന്നും എക്സൈസ് കരുതുന്നു. ഇവർ സഞ്ചരിച്ചിരുന്ന കാർ, മൊബൈൽ എന്നിവയും എക്സൈസ് കണ്ടെടുത്തിട്ടുണ്ട്. വാടകയ്ക്കെടുത്ത കാറാണ് ഇവർ ഉപയോഗിച്ചത്.

അന്വേഷണത്തിൽ ഇക്കാര്യം തെളിഞ്ഞതായും എക്സൈസ് അധികൃതർ അറിയിച്ചു. ഏത് ആവശ്യത്തിനാണ് കാർ വാടകയ് ക്ക് എടുത്തതെന്ന് ഉടമയ്ക്ക് അറിയില്ലായിരുന്നു എന്നതാണ് പ്രാഥമിക അന്വേഷണത്തിൽ വ്യക്തമായത്. എന്തായാലും കേസിൽ വിശദമായ അന്വേഷണം തുടരുമെന്നും എക്സൈസ് അധികൃതർ കൂട്ടിച്ചേർത്തു. എറണാകുളത്തു നിന്നും കാറിലെത്തിയ പ്രതികളെ മുക്കോല ഭാഗത്തു എക്സൈസ് സംഘം നടത്തിയ വാഹന പരിശോധനയ്ക്കിടയിലാണ് അറസ്റ്റ് ചെയ്തത്.

മൊറോക്കോയിൽ കാണാതായ യുഎസ് സൈനികൻറെ മൃതദേഹം കണ്ടെത്തി

മൊറോക്കോ: സൈനികാഭ്യാസത്തിനിടെ മൊറോക്കോയിൽ കാണാതായ രണ്ട് യുഎസ് സൈനികരിൽ ഒരാളുടെ മൃതദേഹം കണ്ടെത്തി. 14 എ എയർ ഡിഫൻസ് ആർട്ടിലറി ഓഫീസറായ ഒന്നാം ലെഫ്റ്റനൻറ് കെൻഡ്രിക് ലാമോണ്ട് കീ ജൂനിയറിൻറെ മൃതദേഹമാണു കണ്ടെത്തിയത്.

കാണാതായ രണ്ടാമത്തെ സൈനികനായുള്ള തെരച്ചിൽ തുടരുകയാണ്. കാപ് ഡ്രാ പരിശീലന മേഖലയ്ക്കു സമീപം കഴിഞ്ഞ മേയ് രണ്ടിന് പ്രാദേശിക സമയം രാത്രി 8:55 ഓടെയാണ് ഇരുവരെയും കാണാതായത്.

മൊറോക്കോയിൽ നടന്ന വാർഷിക ബഹുരാഷ്ട്ര സൈനികാഭ്യാസമായ ആഫ്രിക്കൻ ലയണിൽ പങ്കെടുക്കാനെത്തിയതായിരുന്നു ഇരുവരും.

സമാധാനം ഇനിയുമകലെ; ഇറാൻറെ മറുപടി തള്ളി ട്രംപ്

വാഷിംഗ്ടൺ ഡിസി: പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിക്കാനുള്ള നീക്കങ്ങൾക്കു തിരിച്ചടി. തങ്ങൾ മുന്നോട്ടുവച്ച സമാധാന നിർദേശങ്ങൾക്കുള്ള ഇറാൻറെ മറുപടി അമേരിക്ക തള്ളിയതോടെ വീണ്ടും ആശങ്കയേറിയിരിക്കുകയാണ്. 'ഒട്ടും സ്വീകാര്യമല്ല' എന്നു വ്യക്തമാക്കിയാണ് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഇറാൻറെ നിർദേശം തള്ളിയത്.

മധ്യസ്ഥർ മുഖേന ഇറാൻ സമർപ്പിച്ച മറുപടി താൻ വായിച്ചുവെന്നും ഇതിലെ വ്യവസ്ഥകളോട് തനിക്കു വിയോജിപ്പാണെന്നും ട്രംപ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ ട്രൂത്ത് സോഷ്യലിൽ വ്യക്തമാക്കി. ഇറാൻറെ മറുപടിയിലെ വിശദാംശങ്ങൾ ട്രംപ് വെളിപ്പെടുത്തിയില്ല. യുഎസ് മുന്നോട്ടുവച്ച നിർദേശങ്ങൾക്കു ചർച്ചകളിൽ മധ്യസ്ഥരായ പാക്കിസ്ഥാൻ വഴിയാണ് ഇറാൻ മറുപടി നൽകിയത്.

അതേസമയം, യുദ്ധം അവസാനിപ്പിക്കാനുള്ള ചർച്ചകളുടെ ഭാഗമായി തങ്ങളുടെ പക്കലുള്ള സന്പുഷ്ടീകരിച്ച യുറേനിയം ശേഖരം മൂന്നാമതൊരു രാജ്യത്തേക്കു മാറ്റാൻ ഇറാൻ സമ്മതിച്ചതായും റിപ്പോർട്ടുണ്ട്. അമേരിക്ക മുന്നോട്ടുവച്ച സമാധാന നിർദേശങ്ങളോടുള്ള പ്രതികരണമായാണ് ഇറാൻ ഈ നിലപാട് സ്വീകരിച്ചതെന്ന് 'വാൾ സ്ട്രീറ്റ് ജേർണൽ' റിപ്പോർട്ട് ചെയ്തു.

സമാധാനചർച്ചകൾ പരാജയപ്പെട്ടാൽ കൈമാറിയ യുറേനിയം തിരികെ നൽകണമെന്ന നിബന്ധനയും ഇറാൻ മുന്നോട്ടു വച്ചിട്ടുണ്ട്.

ഇറാൻറെ പ്രതികരണം ലഭിച്ചതിനു പിന്നാലെ ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായി ഡോണൾഡ് ട്രംപ് ഫോണിൽ ചർച്ച നടത്തി. ഇറാനിലെ സന്പുഷ്ടീകരിച്ച യുറേനിയം നശിപ്പിക്കാതെ യുദ്ധം അവസാനിക്കില്ലെന്ന് നെതന്യാഹു വ്യക്തമാക്കി.

യുറേനിയം സന്പുഷ്ടീകരണകേന്ദ്രങ്ങൾ ഇനിയും തകർക്കാനുണ്ടെന്നും അദ്ദേഹം പറഞ്ഞു. തൻറെ അഭിപ്രായംതന്നെയാണ് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപിനുമുള്ളതെന്നും നെതന്യാഹു അവകാശപ്പെട്ടു.

ചികിത്സക്കെത്തിയ മാതാവിൻറെ മുന്നിൽ മക്കൾ ഏറ്റുമുട്ടി: ഒരാൾക്ക് പരിക്ക്, ഒരാൾ അറസ്റ്റിൽ

വിഴിഞ്ഞം : ആശുപത്രിയിൽ ചികിത്സക്ക് എത്തിയ മാതാവിൻറെ മുന്നിൽ മക്കൾ തമ്മിലടിച്ചു. ഒരാൾക്ക് തലയ്ക്ക് ഗുരുതര പരിക്കേറ്റു. ഒരാളെ പോലീസ് അറസ്റ്റ് ചെയ്തു.

കഴിഞ്ഞ ദിവസം വൈകുന്നേരം വിഴിഞ്ഞം കമ്മ്യൂണിറ്റി സെൻററിലായിരുന്നു സംഭവം.

വിഴിഞ്ഞം ടൗൺഷിപ്പ് മണ്ണക്കല്ല് സ്വദേശി ആഷി, മൂത്ത മകൻ അഹമ്മദ് ഹാഷിയുമൊത്താണു ചികിത്സക്കായി ആശുപത്രിയിൽ എത്തിയത്.തൊട്ടു പിന്നാലെയെത്തിയ സഹോദരൻ ആഷിക്കുമായി അഹമ്മദ് ഹാഷി ഏറ്റുമുട്ടുകയായിരുന്നു.

കൈയാംകളിക്കിടയിൽ അഹമ്മദ് ഹാഷിയുടെ തലയ്ക്ക് വെട്ടേറ്റു. ഇയാളെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തുടർന്ന് മാതാവിൻറെ മൊഴിയുടെ അടിസ്ഥാനത്തിൽ കേസെടുത്ത കോവളം പോലീസ് ആഷിക്കിനെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തു.

അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം മുട്ടടയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. യുടെ സെൻറർ ഫോർ അഡ്വാൻസ്ഡ് ടെക്നോളജീസ് ആന്റ് സ്കിൽസിൽ 2026 മേയ് മാസം ആരംഭിക്കുന്ന UGC-NET Paper II (Hybrid mode) ൽ മലയാളം, ഇക്കണോമിക്സ് വിഷയങ്ങളിൽ പരിശീലനത്തിനായി അർഹരായുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. താൽപ്പര്യമുള്ളവർ രജിസ്റ്റർ ചെയ്യുന്നതിനായി 8136882389, 9495069307, 8547005087, 0471-2660512 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

യുറേനിയം ശേഖരം നീക്കം ചെയ്യാൻ തയാർ; അമേരിക്കൻ നിർദേശങ്ങളിൽ പ്രതികരിച്ച് ഇറാൻ

ടെഹ്റാൻ: പശ്ചിമേഷ്യൻ സംഘർഷം അവസാനിപ്പിക്കുന്നതിനായി സന്പുഷ്ടീകരിച്ച യുറേനിയം മൂന്നാമതൊരു രാജ്യത്തേക്ക് മാറ്റാൻ ഇറാൻ തയാറാണെന്ന് റിപ്പോർട്ടുകൾ. 'വാൾ സ്ട്രീറ്റ് ജേണൽ' ആണ് ഇതുസംബന്ധിച്ച റിപ്പോർട്ട് പുറത്തുവിട്ടിരിക്കുന്നത്.

യുദ്ധം അവസാനിപ്പിക്കുന്നതിന് യുഎസ് മുന്നോട്ടുവച്ച നിർദേശങ്ങളോടുള്ള ഇറാൻറെ പ്രതികരണമായാണ് നിലപാടെന്നാണ് വിവരം. എന്നാൽ ആണവനിലയങ്ങൾ തകർക്കണമെന്ന അമേരിക്കൻ നിർദേശം ഇറാൻ അംഗീകരിച്ചിട്ടില്ല.

സംഘർഷം അവസാനിപ്പിക്കുന്നതിനുള്ള സമാധാന ചർച്ചകൾ പരാജയപ്പെട്ടാൽ കൈമാറിയ യുറേനിയം തിരികെ നൽകണമെന്നും ഇറാൻ ആവശ്യപ്പെടും. യുറേനിയം ശേഖരം നീക്കം ചെയ്യണമെന്നും രാജ്യത്തെ ആണവ നിലയങ്ങൾ തകർക്കണമെന്നുമായിരുന്നു അമേരിക്ക കഴിഞ്ഞ ദിവസം മുന്നോട്ടുവച്ച പ്രധാന നിർദേശങ്ങൾ.

എന്നാൽ യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് മുന്നോട്ടുവച്ച നിർദേശങ്ങളിൽ ഇറാൻറെ ആദ്യ പ്രതികരണം സ്വീകാര്യമല്ലെന്ന് അമേരിക്ക കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു. എന്നാൽ ഇറാൻറെ മറുപടിയിലെ വിശദാംശങ്ങൾ അമേരിക്ക വെളിപ്പെടുത്തിയിരുന്നില്ല.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

കോൺഗ്രസ് മുഖ്യമന്ത്രിയെ തെരഞ്ഞെടുക്കാൻ ലീഗിന്റെ പച്ചക്കൊടി എന്തിന്? ബിജെപി

തിരുവനന്തപുരം : വി ഡി ആയാലും കെ സി ആയാലും ചെന്നിത്തല ആയാലും ജമാഅത്തെ ഇസ്‌ലാമിയുടെ പച്ചക്കൊടി കിട്ടിയാലേ കേരളത്തിലെ മുഖ്യമന്ത്രിയാകാൻ സാധിക്കൂ എന്നതാണ് കോൺഗ്രസിന്റെ അവസ്ഥയെന്ന് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ എസ് സുരേഷ്.

മൂന്നുപേരിൽ ജമാ അത്ത് ഇസ്ലാമി അമീറിന്റെ ശരിക്കുള്ള അടിമ ആരാണെന്ന് അന്വേഷിക്കുന്ന തിരക്കിലാണ് കോൺഗ്രസിന്റെ ഹൈക്കമാൻഡ്. മുസ്ലിം ലീഗ് ഭാസ്കര പട്ടേലരും കോൺഗ്രസ് തൊമ്മിയുമായി മാറിക്കഴിഞ്ഞു. ഇതിനല്ല മതേതര കേരളം കോൺഗ്രസ് മുന്നണിക്ക് വോട്ട് ചെയ്തത്.

കർണാടകയിൽ നിന്നുള്ള ഒരു മുസ്ലിം മന്ത്രി പാണക്കാട് കൊടപ്പനക്കൽ തറവാട്ടിൽ വന്നത് ഏറെ ദുരൂഹമാണ്. ഷാഫി പറമ്പിലിന്റെ കൂറുമാറ്റവും കർണാടക മന്ത്രിയുടെ സന്ദർശനവുമെല്ലാം ജമാഅത്തെ ഇസ്‌ലാമിയുടെ അജണ്ടയാണെന്നന്നും അഡ്വ എസ് സുരേഷ് ആരോപിച്ചു.

മുസ്ലിം ലീഗാണ് കേരളത്തിൽ ആരാണ് മുഖ്യമന്ത്രിയാകേണ്ടതെന്ന് തീരുമാനിക്കാൻ ഒരുങ്ങിനിൽക്കുന്നത്. മുസ്ലിം ലീഗിന്റെയും എസ്ഡിപിഐ യുടെയും ജമാഅത്തെ ഇസ്‌ലാമിയുടെയും വോട്ടുകൊണ്ട് മാത്രമല്ല നിങ്ങൾ അധികാരത്തിൽ എത്തിയതെന്ന് കോൺഗ്രസിനെ ഓർമ്മിപ്പിക്കുന്നു. സുരേഷ് പറഞ്ഞു.

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഒൻപത് ദിവസം പിന്നിട്ടിരിക്കുകയാണ്. സ്വപ്നതുല്യമായ ഭൂരിപക്ഷം കിട്ടിയിട്ടും കോൺഗ്രസിന് ഇതുവരെ മുഖ്യമന്ത്രിയെ നിശ്ചയിക്കാൻ സാധിച്ചിട്ടില്ല.

മുഖ്യമന്ത്രിക്ക് വേണ്ടിയുള്ള ഗ്രൂപ്പ് പോര് തെരുവിലേക്ക് പടർന്നിരിക്കുന്നു. ഫ്ലക്സ് ബോർഡ് യുദ്ധങ്ങളും അക്രമങ്ങളും നടക്കുന്നു. ചില എംഎൽഎമാർക്ക് മലബാർ മേഖലയിൽ കാലുകുത്താൻ പറ്റാത്ത സാഹചര്യമാണ്. ഇത് പ്രബുദ്ധ കേരളത്തിന് അപമാനകരമാണ്.ഇടതുപക്ഷം മാറി വലതുപക്ഷം വന്നതുകൊണ്ട് ഗുണമൊന്നുമില്ലെന്ന് ബിജെപി നേരത്തെ പറഞ്ഞത് ശരിയാണെന്ന് ഈ ദിവസങ്ങൾ തെളിയിക്കുന്നു.

സ്കൂളുകൾ തുറക്കാൻ രണ്ടാഴ്ച മാത്രം ബാക്കിനിൽക്കെ പാഠപുസ്തകങ്ങൾ തയ്യാറായിട്ടില്ല, സ്കൂൾ നവീകരണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്നു. മഴക്കാല രോഗങ്ങൾ പടരുമ്പോഴും ആരോഗ്യ സംവിധാനങ്ങൾ താറുമാറായി കിടക്കുകയാണ്. പിഎം ശ്രീ (ജങ ടഒങകക) പദ്ധതിയിലൂടെ കേരളത്തിന് ലഭിക്കേണ്ട 440 കോടി രൂപ നഷ്ടമാകുന്ന അവസ്ഥയാണെന്നും സുരേഷ് ആരോപിച്ചു.

തിരഞ്ഞെടുപ്പ് വിജയാഹ്ലാദത്തിന്റെ പേരിൽ യുഡിഎഫുകാർ ആയുധങ്ങളുമായി അക്രമം അഴിച്ചുവിടുന്നു. ആടിനെ പൊതുനിരത്തിൽ കഴുത്തറുത്ത് കൊല്ലുകയും ബിജെപി നേതാവ് കെ. സുരേന്ദ്രന്റെ ഫ്ലക്സ് ബോർഡുകൾ ബോംബ് വെച്ച് തകർക്കുകയും ചെയ്യുന്നു. ഇത് താലിബാൻ മോഡൽ അക്രമമാണ്. കൂടാതെ, മഞ്ചേശ്വരത്തും കാസർകോടും ബിജെപിയെ തോൽപ്പിക്കാൻ സിപിഎമ്മും ലീഗും ഒത്തുകളിച്ച് വോട്ട് മറിച്ചുവെന്ന് ഐഎൻഎൽ (കചഘ) നേതാവ് തന്നെ വെളിപ്പെടുത്തിയിരിക്കുന്നുവെന്നും അഡ്വ എസ് സുരേഷ് പറഞ്ഞു. തിരുവനന്തപുരം സിറ്റി ജില്ലാ പ്രസിഡണ്ട് കരമന ജയനും പങ്കെടുത്തു.

കള്ളക്കടലും കടലേറ്റവും വെല്ലുവിളിയാകുന്നു; 'ശക്തമായ നടപടികൾ വേണം'

തിരുവനന്തപുരം: കേരള തീരത്ത് കള്ളക്കടലും, കടലേറ്റവും ആരംഭിച്ച സാഹചര്യത്തിൽ തീരദേശ ജനത വലിയ ആശങ്കയിലാണ് കഴിയുന്നതെന്ന് സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ പറഞ്ഞു. ഏത് സമയത്തും കടൽക്ഷോഭം രൂക്ഷമാകാനിടയുള്ള സാഹചര്യത്തിൽ മതിയായ മുന്നൊരുക്കങ്ങളോ പ്രതിരോധ നടപടികളോ സ്വീകരിക്കാത്തതിൽ ഫെഡറേഷൻ ശക്തമായി പ്രതിഷേധിച്ചു.

കടലാക്രമണ ഭീഷണി നേരിടുന്ന തീരദേശ മേഖലകളിലെ ഭവനങ്ങൾ സംരക്ഷിക്കുന്നതിനും ദുരന്തസാധ്യത നേരിടുന്ന കുടുംബങ്ങളെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റുന്നതിനും സർക്കാർ ഇതുവരെ കാര്യക്ഷമമായ നടപടികൾ കൈക്കൊണ്ടിട്ടില്ലെന്ന് ഫെഡറേഷൻ ആരോപിച്ചു.

മഴക്കാലം ശക്തമാകുന്നതിനുമുമ്പ് കടൽഭിത്തികൾ ബലപ്പെടുത്തുക, താൽക്കാലിക സംരക്ഷണ സംവിധാനങ്ങൾ ഒരുക്കുക, ദുരന്ത മുന്നറിയിപ്പ് സംവിധാനങ്ങൾ കാര്യക്ഷമമാക്കുക, തീരദേശ ക്യാമ്പുകൾ സജ്ജമാക്കുക എന്നിവയ്ക്കൊപ്പം മത്സ്യതൊഴിലാളികൾക്കും കുടുംബങ്ങൾക്കും ആരോഗ്യ പരിരക്ഷ, സുരക്ഷ, ഭക്ഷണം, കുടിവെള്ളം, ഉപജീവന സഹായങ്ങൾ എന്നിവയും ഉറപ്പാക്കണമെന്ന് ഫെഡറേഷൻ ആവശ്യപ്പെട്ടു.

തീരദേശ ജനതയുടെ ജീവനും സ്വത്തിനും ഭീഷണിയായ സാഹചര്യത്തിൽ അധികാരികളുടെ അനാസ്ഥ അംഗീകരിക്കാനാവില്ലെന്നും, പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണാത്ത പക്ഷം ശക്തമായ ജനകീയ പ്രക്ഷോഭങ്ങളിലേക്ക് കടക്കേണ്ടിവരുമെന്നും ഫെഡറേഷൻ മുന്നറിയിപ്പ് നൽകി.

സംസ്ഥാന ചീഫ് കോർഡിനേറ്റർ ഡോ. എഫ്.എം. ലാസർ അധ്യക്ഷത വഹിച്ച യോഗം സംസ്ഥാന പ്രസിഡന്റ് പി. സ്റ്റെല്ലസ് ഉദ്ഘാടനം ചെയ്തു. തൃക്കണ്ണപ്പുഴ ശശിധരൻ, അഞ്ച് തെങ്ങ് അനിൽ ആബേൽ,ടി പി പ്രേംകുമാർ, , മരിയ കുട്ടി ജസ്റ്റിൻ, പരുത്തിയൂർ പുഷ്പലി, വിപിൻദാസ്, വർക്കല സബേ ശൻ,വിഴിഞ്ഞം തഥയോസ് , മഞ്ജു സന്തോഷ് കുമാർ, ബീമാപള്ളി റംല,എന്നിവർ പ്രസംഗിച്ചു.

രാഷ്ട്രീയ നിരീക്ഷണം:സാവകാശം എഴുതാമെന്ന് വിചാരിച്ചതായിരുന്നു,പക്ഷേ ഹൈക്കമാന്റിൽ നിന്ന് വിളി വന്നു

എസ്സ് ആർ. സഞ്ജീവ്.

വി.ഡി.സതീശൻ സോഷ്യൽ മീഡിയ, അഭിപ്രായ വോട്ടെടുപ്പുകൾ, ഇൻഫോംഡ് ഒപ്പീനിയൻസ് എല്ലാത്തിനും തീയിട്ടിരിക്കുകയാണ്. കെ.സി..യെ പിന്തുണച്ച കെ.പി.സി.സി. പ്രസിഡന്റുൾപ്പെടെയുള്ള എം.എൽ.എ മാർക്ക് നാട്ടുകാർ വിലയിട്ടു കഴിഞ്ഞു. ഓട്ടക്കാലണയ്ക്ക് വീഴുന്ന അവസരവാദികൾ. ഇന്ത്യാ മുന്നണിയുടെ അടിയന്തിരം കൂടി കഴിച്ച ഹൈക്കമാന്റാഷ് മറ്റൊരു കോമഡി. ഇതെല്ലാം ജനം എളുപ്പം മറക്കും. കെ.സിയെ മുഖ്യമന്ത്രിയായി സതീശൻ നിർദ്ദേശിക്കേണ്ടി വന്നേയ്ക്കാം. രമേശ് ചെന്നിത്തല പിന്താങ്ങേണ്ടിയും വന്നേയ്ക്കാം. ഇനി നമുക്ക് ഡിസ്പാഷനേറ്റായി ക്ലെയിമുകൾ പരിശോധിച്ചു നോക്കാം.

വി.ഡി.സതീശൻ ഒരു കൂ(രീയു) വിലൂടെയാണ് പ്രതിപക്ഷനേതാവായത്. ഞാൻ മത്സരിക്കാനുണ്ടെന്ന് രമേശ് ചെന്നിത്തലയോട് നേരിട്ട് പറയുകയും കെ.സി.വേണുഗോപാലിന്റെ നേതൃത്വത്തിൽ ഷാഫി പറമ്പിലുൾപ്പെടെയുള്ളവർ ഓപ്പറേറ്റ് ചെയ്തുമാണ് ഇതു സാധ്യമായത്. അന്ന് തനിക്ക് എം.എൽ.എമാർക്കിടയിൽ ഭൂരിപക്ഷം ഉണ്ടായിരുന്നുവെന്ന രമേശിന്റെ വാദം ശരിയാകാം. പക്ഷേ കനത്ത പരാജയത്തിന്റെ ആഘാതത്തിൽ കൂടുതൽ ചർച്ചകളുണ്ടായില്ല. പ്രതിപക്ഷനേതാവെന്ന നിലയിൽ രമേശിന്റെ പ്രകടനമെടുത്താൽ അത് മോശമാണെന്ന് ആർക്കും പറയാൻ കഴിയില്ല. ട്യൂശി സഹല്യ റമമേ വേലളേ പുറത്തു കൊണ്ടാവന്നതാണ് അതിൽ ഏറ്റവും പ്രധാനം. രാജ്യത്തും ലോകത്താകെയും പാൻഡെമിക് സമയത്ത് ജനം അങ്ങേയറ്റം്ഘഹ ലിൃമയഹല ആയി നിൽക്കുന്ന സമയത്ത് വ്യക്തിഗത ഡാറ്റാ ശേഖരണം യാതൊരു ഉത്തരവാദിത്തവുമില്ലാതെ നടത്തുന്നതിന്റെയും അതി പിന്നീട് കമേഴ്സ്യൽ ആവശ്യങ്ങൾക്കും മറ്റുമായി ദുരുപയോഗം ചെയ്യുന്നതിന്റെയും ഭീകരമായ കോൺസിക്വൻസസ് പുറത്തു വന്നു. അത് രാജ്യത്തിൽ തന്നെ ചർച്ചയായി. പിന്നീട് വന്ന ഡാറ്റാ പ്രൊട്ടക്ഷൻ ബിൽ, എ.ഐ റഗുലേറ്ററി എഫേർട്സ് എന്നിവയിലൊക്കെ ഇതിന്റെ അനുരണനങ്ങൾ കാണാം. പക്ഷേ അതിന്റെ ക്രെഡിറ്റ് ചെന്നിത്തലയ്ക്ക് പൂർണ്ണമായി കിട്ടിയോ.. മുഖ്യമന്ത്രി പിണറായിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന എം.ശിവശങ്കറിന്റെ ഏറ്റവും വലിയ വീഴ്ച ഇതാണെന്നാണ് ഞാൻ കരുതുന്നത്. അല്ലാതെ അദ്ദേഹം ഒരു അതിഭീകരനായിരുന്നു എന്ന് കരുതുന്നില്ല.

ഈ വിഷയം ഐ.ടി.സാക്ഷരതയില്ലാത്തവർക്ക് പെട്ടെന്ന് മനസ്സിലാകാത്ത വിഷയമാണ്. അതു കൊണ്ടു തന്നെ പോപ്പുലർ നറേറ്റീവ് ഉണ്ടാക്കിയെടുക്കാൻ പ്രയാസവുമാണ്. അതല്ലെങ്കിൽ സ്മാർട് സിറ്റി വിഷയം ഒരു ബഹുജനപ്രക്ഷോഭ വിഷയമാക്കിയ വി.എസ്സിന്റെ തന്ത്രജ്ഞത രമേശിന് വേണമായിരുന്നു. അതിന് സാധ്യത ഇല്ല. കാരണം അവിടെ ഒരു ജോസഫ് സി.മാത്യു ഇല്ലായിരുന്നു. ആഭ്യന്തര വകുപ്പിലും മറ്റും തന്റേതായ രഹസ്യ നെറ്റ് വർക്ക് ഉപയോഗിച്ച് പല കാര്യങ്ങളും പുറത്തു കൊണ്ടു വരാൻ ചെന്നിത്തലയ്ക്കു കഴിഞ്ഞു. വിഷയാധിഷ്ഠിതമായി പറഞ്ഞാൽ നല്ല പ്രതിപക്ഷ പ്രവർത്തനം. പക്ഷേ കോവിഡ് എല്ലാം തുടച്ചെടുത്തു കളഞ്ഞു. ഈ സാഹചര്യം സതീശന് അനുകൂലമായി.

സതീശൻ നേതൃത്വമേറ്റ ശേഷം ദൈനന്ദിന രാഷ്ട്രീയ വിഷയങ്ങളിലെ പ്രതികരണങ്ങൾക്ക് മൂർച്ച കൂടി. രമേശിനെ അതിശയിപ്പിക്കുന്ന വെളിപ്പെടുത്തലുകളോ വി.എസ് മാതൃകയിലുള്ള ജനകീയ ഇടപെടലുകളോ പുതിയ വിഷയങ്ങൾ ഉയർത്തിക്കൊണ്ടു വരലോ ഉണ്ടായിട്ടില്ല. പക്ഷേ ഈ ഘടകങ്ങളെയെല്ലാം അതിശയിപ്പിക്കുന്ന ചില മാറ്റങ്ങൾ കാണാതിരുന്നു കൂട. സതീശൻ കേരളത്തിലെ മാറുന്ന തലമുറയോടൊപ്പം മാറി വരുന്ന ജനകീയ അഭിലാഷങ്ങളെയും തിരിച്ചറിഞ്ഞു. സെൽഫ് റെസ്പെക്ട് ചോദ്യം ചെയ്യുന്ന ഒന്നും ആധുനിക മലയാളി സമ്മതിക്കില്ല. അതു കൊണ്ടാണ് ഭരണത്തിലെ മികവ് , സമീപനം കൊണ്ട് ന്യൂട്രലൈസ് ചെയ്ത പിണറായി സർക്കാരിനെ ആ രീതിയിൽ തുറന്നു കാണിക്കാൻ സതീശന് കഴിഞ്ഞത്. അതൊരു തരംഗമാക്കുന്നതിലും വോട്ടാക്കുന്നതിലും സീറ്റാക്കുന്നതിലും സതീശൻ വിജയിച്ചു. ഈ സമയത്തെ അദ്ദേഹം ഡിഫൈൻ ചെയ്തു. ട്രാക്ക് റെക്കോർഡ് അപ്രസക്തമാവുന്നത് ഇവിടെയാണ്. രമേശ് ചെന്നിത്തലയ്ക്ക് മുന്നിലുള്ള ഏറ്റവും വലിയ വെല്ലുവിളി ഈ സാഹചര്യത്തെ അഡ്രസ്സ് ചെയ്യലാണ്. സമവായത്തിന്റെ ദുർബലമായ ചരടിൽ പിടിച്ച് ഒരു പക്ഷേ അദ്ദേഹത്തിന്റെ ക്ലെയിം ഇനിയും വാലിഡ് ആയി നിന്നേയ്ക്കാം. സ്ഥാനാർത്ഥി നിർണയ സമയത്ത് ബൈറ്റുകൾക്കിടയിൽ രമേശ് പറഞ്ഞ ഒരു വാചകമുണ്ട്. എം.എൽ.എമാരെ കൂടെ നിർത്തണമല്ലോ... അതിനദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല. അതു കൊണ്ടു തന്നെ എന്തൊക്കെ അനുകൂല ഘടകങ്ങളുണ്ടെങ്കിലും സ്പിരിറ്റ് ഓഫ് ദ് ടൈം ചെന്നിത്തലയ്ക്കും കെ.സി.വേണുഗോപാലിനും പ്രതികൂലവും വി.ഡി.സതീശന് അനുകൂലവുമാണ്.

കെ.സി.വേണുഗോപാലിന്റെ ഓരോ നീക്കവും ടിപ്പിക്കൽ കോൺഗ്രസ് രാഷ്ട്രീയ പ്രക്രിയയുടെ ചുവടൊപ്പിച്ചായിരുന്നു. അദ്ദേഹത്തിനും കാലത്തിന്റെ ചുവരെഴുത്ത് വായിക്കാനാകുന്നില്ല. ക്ലെയിം വെച്ചു നോക്കിയാൽ കോൺഗ്രസ് ഡൈനാമിക്സിൽ പുള്ളിയുടെ ക്ലെയിം വാലിഡാണ്. പക്ഷേ പാർട്ടിചട്ടക്കൂടുകൾ അതിലംഘിക്കുന്ന ഒരു ലിബറൽ പോപ്പുലർ പൊളിറ്റിക്കൽ ഫിനോമിനൺ രാഷ്ട്രീയ പാർട്ടികളുടെ അജണ്ടയെ മാറ്റിവരക്കുന്ന രീതി കേരളത്തിൽ സമീപകാലത്ത് പ്രകടമാണ്. അതിനെ അഡ്രസ് ചെയ്യാനുള്ള ഏകവഴി അഴിമതി വിമുക്തമാവുക, ജനങ്ങളെ പ്രധാനമായി കാണുക, അവരുടെ സെൽഫ് റെസ്പക്റ്റിന് വില കൊടുക്കുക എന്നതാണ്. അത് പലപ്പോഴും ഋജുവാണ്. അവിടെ ബൌദ്ധികവാചാടോപങ്ങൾക്ക് പ്രസക്തിയില്ല. സതീശൻ സ്ട്രെയ്റ്റായി ശക്തമായി രാഷ്ട്രീയം പറയുന്നയാളാണ്. മുഖ്യമന്ത്രി സതീശനായാൽ താൻപോരിമക്കാര്യത്തിൽ പിണറായി സഖാവ് അവിടെ ട്യൂഷന് പോകേണ്ടി വരും.

ഇതൊക്കെയാണെങ്കിലും കേരളത്തിലെ അതിദ്രുതമായ മതധ്രുവീകരണ രാഷ്ട്രീയത്തിന് ചെക്ക് വെയ്ക്കാൻ സതീശനാണ് അനുയോജ്യൻ. സാമുദായിക ശക്തികളുടെ സംഘടിത വിലപേശൽ ശേഷിയെ ചോദ്യം ചെയ്യാനും വർഗ്ഗീയതയോട് സന്ധിയില്ലാതെ പോരടിക്കാനും പറ്റിയ നേതൃത്വം വേണം. ലീഗിന്റെ പിന്തുണ ഇവിടെ അയോഗ്യതയാവില്ല. കാരണം ലീഗിലെ പുതിയ നേതൃത്വം കാലത്തിന്റെ ചുവരെഴുത്ത് വായിക്കാൻ ശേഷിയുള്ളവരാണ്. വയനാട് പുനരധിവാസശേഷം ലീഗ് നേതൃത്വം നടത്തിയ ഒറ്റ പ്രതികരണം അതിനു തെളിവാണ്. ഈ നിലയിൽ പോവാൻ അവർക്ക് കഴിഞ്ഞാൽ മതി.

കേരളത്തിലെ ലെഫ്റ്റ് ഇനി പ്രതിപക്ഷപ്രവർത്തനം ഏറ്റെടുക്കേണ്ടതും കൺവെൻഷനൽ രീതിയി ിർന്നലാവരുത്. വിനാശകരമാ സമരരീതികൾക്ക് പകരം യുവതയുടെ ഇമാജിനേഷൻ പിടിച്ചു പറ്റാനുള്ള സമരരീതികൾ ആവിഷ്കരിക്കാൻ കഴിയണം. ഇതൊക്കെയാണ് സ്ഥിതി. കാത്തിരിക്കാം..

എസ്.ആർ.സഞ്ജീവ്.

(മുതിർന്ന മാധ്യമപ്രവർത്തകനും , അദ്ധ്യാപകനുമാണ് ലേഖകൻ)

പ്രസ് ലോകോത്തര ബഹുവിഷയ സർവകലാശാലയെന്ന ദർശനവുമായി കുഫോസ്

കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല (KUFOS) "KUFOS@2040: Envisioning a World-Class Multidisciplinary University by 2040" എന്ന വിഷയത്തെ ആസ്പദമാക്കി ഇൻസ്റ്റിറ്റ്യൂഷണൽ ഡെവലപ്മെന്റ് പ്ലാൻ (IDP) വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. സർവകലാശാലയുടെ ദീർഘകാല വികസന ദർശനവും തന്ത്രപരമായ ഭാവി പദ്ധതികളും രൂപപ്പെടുത്തുന്നതിൽ ഈ വർക്ക്ഷോപ്പ് നിർണായക ചുവടുവയ്പായി.

ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ (IQAC) സംഘടിപ്പിച്ച പരിപാടിയിൽ അധ്യാപകർ, ശാസ്ത്രജ്ഞർ, ഗവേഷകർ, ഭരണപ്രതിനിധികൾ, നയരൂപകർ, വ്യവസായ മേഖലയിലെ വിദഗ്ധർ എന്നിവർ പങ്കെടുത്തു. 2040ഓടെ കുഫോസിനെ ആഗോള നിലവാരത്തിലുള്ള ബഹുവിഷയ വിദ്യാഭ്യാസ-ഗവേഷണ സർവകലാശാലയായി ഉയർത്തുന്നതിനുള്ള വിവിധ ആശയങ്ങളും വികസന തന്ത്രങ്ങളും ചർച്ച ചെയ്തു.

റിലയൻസ് ഫൗണ്ടേഷൻ അഡ്വൈസറും പ്രൊഫസർ ഓഫ് എമിനൻസുമായ പ്രൊഫ. വി. എൻ. രാജശേഖരൻ പിള്ള വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്തു. ബഹുവിഷയ വിദ്യാഭ്യാസം, നവോത്ഥാന ഗവേഷണം, തന്ത്രപരമായ സ്ഥാപന വികസനം, അക്കാദമിക്-ഇൻഡസ്ട്രി സഹകരണം എന്നിവയുടെ പ്രാധാന്യം അദ്ദേഹം ഉദ്ഘാടന പ്രഭാഷണത്തിൽ വിശദീകരിച്ചു.

ബ്ലൂ ഇക്കോണമി വികസനം, സുസ്ഥിര വികസന ആശയങ്ങൾ, ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ, വനിതാ നേതൃത്വത്തിലുള്ള നവീകരണങ്ങൾ, പൊതുമേഖല-സ്വകാര്യ പങ്കാളിത്തങ്ങൾ, പുതിയ ബഹുവിഷയ-തൊഴിലധിഷ്ഠിത കോഴ്സുകൾ എന്നിവ പ്രധാന ചർച്ചാവിഷയങ്ങളായി.

ദേശീയ വിദ്യാഭ്യാസ നയത്തോട് (NEP) യോജിച്ച രീതിയിൽ ആഗോള നിലവാരമുള്ള അക്കാദമിക് മാതൃകകൾ, ഗവേഷണ മികവ്, ബ്ലൂ-ഗ്രീൻ നെറ്റ് സീറോ ക്യാമ്പസ് ദർശനം എന്നിവയുടെ ആവശ്യകതയും ചർച്ചയായി.

ഡോ. സി. പി. അരവിന്ദാക്ഷൻ, ഡോ. ആശ എ. നായർ, ഡോ. എസ്. ഫെലിക്സ്, ഡോ. എ. ബിജുകുമാർ, ഡോ. കെ. ദിനേശ് എന്നിവർ സംസാരിച്ചു.

സംസ്കൃത വാഴ്സിറ്റിയിൽ കോടികളുടെ അഴിമതി; മുൻ വിസി ഉൾപ്പെടെയുള്ളവർക്കെതിരെ സേവ് യൂണി.കമ്മിറ്റി

തിരുവനന്തപുരം: കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ കഴിഞ്ഞ 15 വർഷമായി വ്യാപകമായ സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നുണ്ടെന്ന ഗൗരവകരമായ ആരോപണവുമായി സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റി. മുൻ വൈസ് ചാൻസലർ ഡോ. ധർമ്മരാജ് അടാട്ട് ഉൾപ്പെടെയുള്ളവർ സാമ്പത്തിക തിരിമറികളിൽ പങ്കാളികളാണെന്ന് കമ്മിറ്റി ഗവർണർക്കും നിലവിലെ വിസിക്കും നൽകിയ നിവേദനത്തിൽ വ്യക്തമാക്കുന്നു.

സംസ്കൃത ഭാഷാ വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന കോടിക്കണക്കിന് രൂപയുടെ പ്രൊജക്റ്റുകളിൽ നിന്നാണ് തട്ടിപ്പ് നടക്കുന്നത്. ലക്ഷങ്ങൾ അഡ്വാൻസ് കൈപ്പറ്റിയ ശേഷം ബില്ലുകളോ വൗച്ചറുകളോ ഹാജരാക്കാതെ തുക സാധൂകരിച്ചെടുക്കുന്ന രീതിയാണ് ഇവിടെ നിലനിൽക്കുന്നത്. മുൻ വിസി ഡോ. ധർമ്മരാജ് അടാട്ട് 2,44,600 രൂപ മതിയായ രേഖകളില്ലാതെ ചെലവഴിച്ചതായി കമ്മിറ്റി ആരോപിക്കുന്നു.

സ്വന്തം സത്യവാംഗ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ഈ തുക സർവ്വകലാശാല സാധൂകരിച്ച് നൽകുകയായിരുന്നു. സമാനമായ രീതിയിൽ നിരവധി ഇടത് അനുകൂല അധ്യാപകർക്കും അനധ്യാപകർക്കും അവിഹിതമായി തുക അനുവദിച്ചിട്ടുണ്ട്. ബിഎഫ്എ പരീക്ഷ തോറ്റ വിദ്യാർത്ഥികൾക്ക് എംഎഫ്എ പ്രവേശനം നൽകി പാസാക്കുന്ന തരത്തിലുള്ള അക്കാദമിക് തട്ടിപ്പുകളും സർവ്വകലാശാലയിൽ നടക്കുന്നുണ്ടെന്ന് ആരോപണമുണ്ട്.

സിപിഎം അനുകൂല അധ്യാപക സംഘടനയുടെ ഒത്താശയോടെയാണ് ഈ സാമ്പത്തിക തട്ടിപ്പുകൾ നടക്കുന്നതെന്നും, ഇതിനെതിരെ നിലവിലെ വിസി പ്രൊഫ. സിസ തോമസ് അന്വേഷണം ആരംഭിച്ചതോടെ മുൻ വിസിയുടെ നേതൃത്വത്തിൽ പ്രതിഷേധങ്ങൾ ആസൂത്രണം ചെയ്യുകയാണെന്നും സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റി ചൂണ്ടിക്കാട്ടി.

കഴിഞ്ഞ 15 വർഷത്തിനിടയിൽ സർവകലാശാലയിൽ നടന്ന എല്ലാ സാമ്പത്തിക ഇടപാടുകളെക്കുറിച്ചും സമഗ്രമായ അന്വേഷണം നടത്തണമെന്നും, ക്രമവിരുദ്ധമായി അഡ്വാൻസുകൾ സാധൂകരിച്ചു നൽകിയ ഉത്തരവുകൾ റദ്ദാക്കണമെന്നും ആവശ്യപ്പെട്ട് കമ്മിറ്റി ഗവർണർക്ക് നിവേദനം നൽകി.സർവകലാശാലയിലെ ഉന്നത ഉദ്യോഗസ്ഥരും ജീവനക്കാരും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടാണ് ഇത്തരം തട്ടിപ്പുകൾക്ക് വഴിയൊരുക്കുന്നതെന്നും സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ ആരോപിച്ചു.

കുഫോസിൽ അസിസ്റ്റന്റ് പ്രൊജക്റ്റ് മാനേജർ വാക്ക് ഇൻ ഇന്റർവ്യൂ

കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിൽ “പ്രധാന മന്ത്രി മത്സ്യ കിസാൻ സമൃദ്ധി സഹ യോജന” പദ്ധതിയിൽ അസിസ്റ്റന്റ് പ്രൊജക്റ്റ് മാനേജർ തസ്തികയിലേക്കുള്ള വാക്ക്-ഇൻ-ഇന്റർവ്യൂ മേയ് 18 ന് രാവിലെ 9. 30 മണിക്ക് പനങ്ങാട് കുഫോസ് ആസ്ഥാനത്ത് നടക്കും. ഫിഷറീസ് സയൻസ്/ ബയോളജിക്കൽ സയൻസ് അല്ലെങ്കിൽ തത്തുല്യ വിഷയങ്ങളിലുള്ള മാസ്റ്റേഴ്സ് ബിരുദമാണ് അടിസ്ഥാന യോഗ്യത. സുസ്ഥിര മത്സ്യ ബന്ധനം, അക്വാ കൾച്ചർ പ്രാക്ടീസ് എന്നിവയിൽ ചുരുങ്ങിയത് 3 വർഷത്തെ പ്രവർത്തിപരിചയം നിർബന്ധം. പിഎച്ച്ഡി ഉള്ളവർക്ക് മുൻഗണന.

പ്രായപരിധി 50 വയസ്സ്. താൽപര്യമുള്ള ഉദ്യോഗാർഥികൾ ബയോഡാറ്റ, അസൽ സർട്ടിഫിക്കറ്റുകൾ, അവയുടെ പകർപ്പുകൾ, കുഫോസ് വെബ്സൈറ്റിൽ നിന്ന് ഡൌൺലോഡ് ചെയ്ത പൂരിപ്പിച്ച അപേക്ഷ ഫോറം എന്നിവ സഹിതം അഭിമുഖത്തിന് ഹാജരാകണം.വിശദ വിവരങ്ങൾക്ക് www.kufos.ac.in സന്ദർശിക്കുക

കുഫോസിൽ യങ് പ്രൊഫഷണൽ -|| വാക്ക് ഇൻ ഇന്റർവ്യൂ

കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിൽ 'ചമശേീമഹ ടൗ്യലശഹഹമിരല ജ്യീഴൃമാല ളീൃ അൂൗമശേര അിശാമഹ ഉശലെമലെ (ചടജഅഅഉ) ജവമലെ 2” പദ്ധതിയിൽ യങ് പ്രൊഫഷണൽ -കക തസ്തികയിലേക്കുള്ള വാക്ക്-ഇൻ-ഇന്റർവ്യൂ മേയ് 16 ന് രാവിലെ 9 മണിക്ക് പനങ്ങാട് നടക്കും. അക്വാട്ടിക് ആനിമൽ ഹെൽത്ത് മാനേജ്മെന്റ്/ഫിഷ് പത്തോളജി & മൈക്രോബയോളജി വിഷയങ്ങളിലുള്ള മാസ്റ്റേഴ്സ് ബിരുദമാണ് അടിസ്ഥാന യോഗ്യത. അക്വാട്ടിക് ആനിമൽ ഡിസീസ് ഡയഗ്നോസ്റ്റിക്സ്, ലബോറട്ടറി ടെക്നിക്, ഫീൽഡ് ലെവൽ പ്രൊജക്റ്റ് വർക്ക് എന്നിവയിൽ പ്രവർത്തിപരിചയമുള്ളവർക്ക് മുൻഗണന ലഭിക്കും. താൽപര്യമുള്ള ഉദ്യോഗാർഥികൾ ബയോഡാറ്റ, അസൽ സർട്ടിഫിക്കറ്റുകൾ, അവയുടെ പകർപ്പുകൾ, കുഫോസ്എ വെബ്സൈറ്റിൽ നിന്ന് ഡൌൺലോഡ് ചെയ്ത പൂരിപ്പിച്ച അപേക്ഷ ഫോറം എന്നിവ സഹിതം അഭിമുഖത്തിന് ഹാജരാകണം. വിശദവിവരങ്ങൾക്ക് www.kufos.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ജനവാസകേന്ദ്രത്തിലെ മൊബൈൽ ടവറിൻെറ നിർമാണം നാട്ടുകാർ തടഞ്ഞു

വെള്ളറട: ആര്യങ്കോട് പഞ്ചായത്തിലെ 15-ാം വാർഡായ കുറ്റിയായണിക്കാട്, കിഴക്കൻമലയിലേക്ക് പോകുന്ന വഴിയിൽ കാവടികുഴി ആരംഭിച്ച മൊബൈൽ ടവർ നിർമാണം പ്രദേശവാസികൾ തടഞ്ഞു. ഈ പ്രദേശം 35 ഓളം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നയിടമാണ്. സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ ടവർ നിർമാണം ആരംഭിച്ചപ്പോൾ മാത്രമാണ് പ്രദേശവാസികൾ വിവരം അറിഞ്ഞത്.ടവറിനടുത്ത് താമസിക്കുന്നവരിൽ ഗർഭിണികൾ, കാൻസർ, ആസ്ത്മ തുടങ്ങിയ രോഗികളും അധികമായുണ്ട്. ഈ ടവറിനടുത്ത് കുറ്റിയായണിക്കാട്, കുണ്ടയത്തുകോണം മേഖലകളിലെ രണ്ട് അങ്കണവാടികളിലായി നാല്പതോളം കുട്ടികളും പഠിക്കുന്നുണ്ട്. മൊബൈൽ ടവറിൽ നിന്നുള്ള റേഡിയേഷൻ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ നിർമാണം നിർത്തിവയ്ക്കണമെന്നാണ് പ്രദേശവാസികളുടെ ആവശ്യം.ജനസാന്ദ്ര മേഖലയിൽ നിന്നും മാറി 800 മീറ്റർ അപ്പുറത്ത് കിഴക്കൻമല കുടിവെള്ള പദ്ധതി ടാങ്ക് സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് ടവർ മാറ്റിസ്ഥാപിക്കണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു. ഇപ്പോൾ നിർമാണം തുടങ്ങിയ മൊബൈൽ ടവറിന്റെ പ്രവർത്തനങ്ങൾ അടിയന്തരമായി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാ കളക്ടർക്കു പരാതി നൽകിയിട്ടുണ്ട്.മൊബൈൽ ടവറിനായി സ്ഥലം വിലയ്ക്ക് കൊടുത്ത സ്വകാര്യവ്യക്തിക്ക് കിഴക്കൻമല കുടിവെള്ള ടാങ്കിനടുത്തും ഭൂമിയുണ്ട്. ആ ഭൂമി ടവറിനായി വിട്ടുകൊടുക്കണമെന്നുള്ള ആവശ്യവും ശക്തമായിട്ടുണ്ട്. കഴിഞ്ഞദിവസം സ്ത്രീകളും കുട്ടികളുമടക്കം നൂറിൽഅതികം പേർ മൊബൈൽ ടവറിനെതിരെ പ്രതിഷേധം സംഘടിപ്പിച്ചു.

കോൺഗ്രസ് ആത്മാഭിമാനം ലീഗിന് പണയം വച്ചോ: വി.മുരളീധരൻ

തിരുവനന്തപുരം: കോൺഗ്രസ് മുഖ്യമന്ത്രി ആരെന്ന് തീരുമാനിക്കാൻ ഹൈക്കമാൻഡ് നിയോഗിച്ച സംഘത്തോട് അങ്ങോട്ട് ചെന്ന് മുഖ്യമന്ത്രി പദത്തിന്റെ കാര്യത്തിൽ നിർദ്ദേശം നൽകുന്ന രീതിയിൽ കോൺഗ്രസ് രാഷ്ട്രീയം വഷളായി എന്ന് ബിജെപി നേതാവും കഴക്കൂട്ടം നിയുക്ത എംഎൽഎയുമായ വി. മുരളീധരൻ .

കോൺഗ്രസുകാർ തങ്ങളുടെ ആത്മാഭിമാനം മുസ്ലിം ലീഗിനു പണയം വച്ചോ എന്നു സ്വയം ആലോചിക്കണമെന്നു പത്രസമ്മേളനത്തിൽ മുരളീധരൻ ആവശ്യപ്പെട്ടു. വിദ്യാഭ്യാസ വകുപ്പ് ലീഗിനു കൊടുക്കുന്നത് ആശാസ്യം ആണോ എന്നു കോൺഗ്രസ് നേതൃത്വം ആലോചിക്കണം.

ബിജെപിയുടെ നിയമസഭയിലെ നേതാവ് ആരെന്നു തീരുമാനിക്കുന്നതു നിയമസഭാ കക്ഷി യോഗം കൂടിയതിനു ശേഷം ആയിരിക്കും.

പാചകവാതകക്ഷമം കേരളത്തിൽ വരാൻ സാധ്യതയില്ലെന്നും ഏജൻസികളുടെ കാര്യത്തിൽ കർശന നിരീക്ഷണം ഏർപ്പെടുത്തുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു തിരുവനന്തപുരം പ്രസ് ക്ലബ്ബിൻറെ മീറ്റ് ദ പ്രസിൽ സംസാരിക്കുകയായിരുന്നു വി. മുരളീധരൻ.